# A GOOD RULER MISUNDERSTOOD

ABDUL RAHIM. P. P.

Recreators of the past-the historians - are the projectors of the past and the most powerful influence on the present. They have the power to make the mass take to arms or persuade them to embrace one another.

In the history of the world, this class has made examples of both tameness and wildness. Unfortunately this class mainly belonged to the arrogant, racialist white men, who considered others, especially the third world masses as "niggers."

Inspite of forty seven glittering years of freedom we passed through our predecessors were viewed only through the tainted glasses of these pseudo-masters. Thus those who licked their feet were considered cultured, efficient personalities, while those who dared them were described as the foes of the world forever. Both the examples were presented by the centuries-old Mughal rulers. Among them the most piteous victim was Aurangzeb the great.

Even a primary student of the modern age will introduce Aurengzeb as a zealot and religious fanatic though he doesn't know who Aurengzeb really was. He is not to blame. Historically we are in posession of great figures. But unfortunately the English conception about our rulers remains the same.

As in the case of any great ruler, Aurengzeb's ascendancy was not easy. When Shahjahan showed partiality among his sons Aurengzeb himself was forced to clear the hurdles before him. Aurengzeb ruled for almost 50 years.(1658-1707). During his long reign the Mughal empire reached its territorial climax. He was a hard working, strict disciplinarian who did not spare his own sons. When Muazzan, his son, was the governor of Kabul, he trembled every time he received a letter form his father. Unlike his predecessors Aurengzeb did not like ostentation. He earned for daily needs by translating the holy Qur'an and stiching headgear.

In analysing Aurengzeb's religious policy, which was the most controversial one, we may take note first of what have been called moral and religious regulations. Among his controversial religious policies, the reintroduction of Jizyah was the first one. This was nothing but a storm in the tea pot. When we go through this `religious men' we can find that this was nothing but a necessity of the time. The rate of this `poll tax' was very low as compared to the tax imposed upon men of his own religion, whose obligatory annual payment was 2.5 of their total income.

But how and why did Jizyah be-

came controversial ? The responsibility lies not only with the so-called historians, but also on Akbar "The great" who offered undeserved concessions to his Hindu subjects only for his personal gains. Aurengzeb imposed Jizyah only in 1679, in the 22nd year of his reign. "There has been considerable discussion among hisotrians regarding Aurengzeb's motive of the step. Let us first see what it was not. This was not meant to be an economic pressure for forcing the Hindus to convert to Islam, for such incidents were too few. women, children, the disabled and the indigent were exempted." (Satish Chandra, Medieval India, p.232) Finally, he had to suspend Jizyah in 1705.

In his policy towards temples Aurengzeb may have remained formally within the frame work of the shari-at. (in which destroying, even

**He earned for daily needs by translating the holy Qur'an and stiching headgear..**

abusing of ther relegious images was considered a severe criminal offence.) Aurengzeb might have destroyed temples, while we do have instances of grants to Hindu temples and Mathas. But all these assault on temples were politically motivated, for his zeal for the destruction of temples abated after 1679. During the early period of his reign some temples were actively used by politically conspirators.

Other allegations levelled against this great ruler were connected with his austerity methods. Aurengzeb might have discouraged cultural activities like art and architecture painting, history writing etc.,---But it is of some interest and surprise to note as has been mentioned before, that the largest number of Persian works on classical Indian music were written in Aurengzeb's reign and he himself was a proficient artist. Aurengzeb discontinued some of the supersticious practices like Jharokadarshan, the ceremony of weighing the emporer against gold and silver. He forbade astrologers to prepare almanac. Also, one third of the nobility of Hindus were formed during this same "orthodox" rule. A new trend however emerged in the recent writings on Aurengzeb's political and relegious policies in the context of social, economic and institutional developments. Truth will crack its shells once, oh Sultan ! wait, wait for your own days--------. ❐

# അവിസ്മരണീയമായ ഒരൊത്തുചേരൽ

സീനത്ത് പി. ബി.

**ജയ്പൂരിൽ നടന്ന ദേശീയോദ്ഗ്രഥന ക്യാമ്പിൽ പങ്കെടുത്ത ലേഖിക ക്യാമ്പനുഭവങ്ങളെക്കുറിച്ച്.**

രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമുള്ള നാഷണൽ സർവ്വീസ് സ്കീം വോളണ്ടിയർമാരെ പങ്കെടുപ്പിച്ച് ജയ്പൂർ സർവ്വകലാശാലയിൽ സംഘടിപ്പിച്ച ദേശീയോദ്ഗ്രഥന ക്യാമ്പിൽ കേരളത്തിൽ നിന്ന് പങ്കെടുത്തത് കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നുള്ള 11 വിദ്യാർത്ഥികളാണ്. സർവ്വകലാശാലയിലെ വ്യത്യസ്ത കോളേജുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവർ. ഫാറൂഖ് കോളേജ് സോഷ്യോളജി വകുപ്പ് തലവൻ എൻ. പി. ഹാഫിസ് മുഹമ്മദായിരുന്നു സംഘത്തെ നയിച്ചത്. ചിറ്റൂർ ഗവ: കോളേജിലെ എം.എ വിദ്യാർത്ഥിയായ എസ്.എ. റഹ്മാൻ ടീം ലീഡർ.

യാത്ര പുറപ്പെടും മുമ്പെ ക്യാമ്പിൽ ഞങ്ങൾ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ആലോചിച്ച് തീരുമാനിച്ചിരുന്നു. പാടാനും, അഭിനയിക്കാനും, പ്രസംഗിക്കാനും, വരക്കാനുമൊക്കെ കഴിവുള്ള കൂടെയുള്ളവരെ പരിചയപ്പെട്ടശേഷമായിരുന്നു കോഴിക്കോട്-ജയ്പൂർ യാത്ര.

ജയ്പൂരിലെത്തിയത് യാത്രയുടെ മൂന്നാം നാൾ രാത്രിയാണ്. വണ്ടിയിറങ്ങിയപ്പോൾ ആന്ധ്രപ്രദേശിൽ നിന്നുള്ള ടീം സ്റ്റേഷനിലുണ്ട്. പരസ്പര സഹായം അവിടെ വെച്ചേ തുടങ്ങി. ക്യാമ്പ് നടക്കുന്ന ദാദു ആചാര്യ സംസ്കൃത മഹാവിദ്യാലയത്തിലെത്താൻ വാഹനം ഏർപ്പാടാക്കിയിരുന്നു.

ക്യാമ്പിലെത്തുന്ന ഞങ്ങളെ സ്വീകരിക്കാനും, മുറിയൊരുക്കാനും, രാത്രി 'റൊട്ടിയും പാലും' മതിയാവോളം തരാനും സ്നേഹസമ്പന്നരായ വിദ്യാർത്ഥികളുണ്ടായിരുന്നു. തണുപ്പേൽക്കാതിരിക്കാൻ 'റജായി'യും പുതപ്പുകളും അവർ തന്നു. ന്യൂമോണിയ വരാതിരിക്കാനുള്ള മുന്നറിയിപ്പുകളുമുണ്ടായിരുന്നു. പിറ്റേന്ന് രാവിലെയാണ് ഞങ്ങൾക്ക് സഹായം ചെയ്തവർ ക്യാമ്പിൽ ഞങ്ങൾക്ക് തൊട്ടുമുമ്പെത്തിയ ഹിമാചൽ പ്രദേശുകാരാണെന്ന് മനസ്സിലായത്.

ദശദിന ദേശീയോദ്ഗ്രഥന ശിബിരത്തിന്റെ പ്രത്യേകതയതായിരുന്നു. പ്രാദേശിക ചിന്തകളില്ല. ആർക്കും ആരോടും പകയോ, വെറുപ്പോ ഇല്ല. അനാവശ്യ മൽസരങ്ങളില്ല. ആരിലും 'ഡ്യൂട്ടി' തലയിൽ വെച്ചുകൊടുത്തിട്ടില്ല. അടുക്കളയിലും, ഭക്ഷണം നൽകുന്നതിലും, പാത്രം കഴുകി വെടിപ്പാക്കി തുടക്കുന്നതിലും എല്ലാവരും പങ്കെടുത്തു. ഇഷ്ടത്തോടെ ആവുന്ന കാര്യങ്ങൾ ചെയ്തു. കലാപരിപാടികളിലും, ചർച്ചകളിലും പങ്കെടുത്തു. പുൽത്തകിടിയിലിരുന്ന് കളിച്ചു. റായ്ബറേലിയിലെ ഖേൽഖണ്ട് സർവ്വകലാശാല, ഒറിസ്സയിലെ ഉത്ക്കൽ സർവ്വകലാശാല, പഞ്ചാബിലെ പട്യാല സർവ്വകലാശാല, തമിഴ്നാട്ടിലെ ഗാന്ധിഗ്രാം സർവ്വകലാശാല, ബനാറസ് ഹിന്ദു സർവ്വകലാശാല, ഗുജറാത്ത് സർവ്വകലാശാല തുടങ്ങിയ സർവ്വകലാശാലകളെ പ്രതിനിധീകരിച്ച് ഇരുന്നൂറോളം വിദ്യാർത്ഥികളും, അദ്ധ്യാപകൻമാരുമാണ് ക്യാമ്പിൽ പങ്കെടുത്തിരുന്നത്.

ഉൽഘാടന ദിവസം ഓരോ സം

ഘവും അവരവരുടെ പരമ്പരാഗത വേഷമാണ് ധരിച്ചിരുന്നത്. ഞങ്ങൾ മലയാളി വേഷമണിഞ്ഞു. രാജസ്ഥാൻ സർവ്വകലാശാല വൈസ് ചാൻസലർ ഡോ: ഉണ്ണിത്താൻ ആണ് ക്യാമ്പ് ഉൽഘാടനം ചെയ്തത്. കേരളത്തെ പ്രതിനിധീകരിക്കുന്ന ഏക സംഘമായ ഞങ്ങൾക്ക് മലയാളിയായ ഉൽഘാടകൻ ആവേശം നൽകി. വർദ്ധിച്ചു വരുന്ന പ്രാദേശികവാദ-ശിഥിലികരണ പ്രവർത്തനങ്ങൾക്ക് വരും തലമുറയിൽ നിന്ന് തിരിച്ചടി നേരിടാൻ ഇത്തരം ക്യാമ്പുകൾ അനിവാര്യമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ക്യാമ്പിലെ എല്ലാ ദിവസങ്ങളും രസകരമായിരുന്നു. അതിരാവിലെ കുത്തിക്കയറുന്ന തണുപ്പുണ്ടായിട്ടും ഞങ്ങൾ വ്യായാമ-യോഗ പരിശീലനത്തിൽ പങ്കെടുത്തു. ഞങ്ങളോടൊപ്പമുള്ള ഡി. പ്രസാദ് (ആയുർവേദ കോളേജ്, കോട്ടക്കൽ) യോഗക്ലാസുകളിൽ നിർദ്ദേശകനായിരുന്നു.

അയ്യപ്പനേയും, അല്ലാഹുവിനെയും, യേശുവിനേയും കീർത്തിക്കുന്ന സംയുക്ത ഗാനം ഞങ്ങൾ പലതവണ ആവർത്തിച്ചു. ബീഹാറികളും, ഹിമാചലുകാരും, ഒഴിവുനേരങ്ങളിൽ ഞങ്ങളോടൊപ്പമിരുന്ന് 'ശരണമയ്യപ്പാ' പാടാൻ പഠിച്ചു.

പകൽ നേരം ചർച്ചകളും പ്രസംഗങ്ങളും ഉണ്ടായിരുന്നു. സർവ്വമതസമ്മേളനത്തിൽ പങ്കെടുത്ത പി.കെ.സത്താർ (ഗവ. കോളേജ് മാനന്തവാടി) ആവേശകരമായ പ്രസംഗം നടത്തി. സാമൂഹ്യദുരാചാരങ്ങളെക്കുറിച്ചുള്ള സെമിനാറിൽ സ്മൈൽ ആന്റോ (സെന്റ് ജോസഫ്സ് കോളേജ്, ഇരിങ്ങാലക്കുട) പങ്കെടുത്തു. ചിത്രകാരനായ സാജിദ് ജമാൽ (മെഡിക്കൽ കോളേജ്, കോഴിക്കോട്), ഡി. പ്രജോഷ് (ദേവഗിരി കോളേജ്) എന്നിവരായിരുന്നു ദേശിയോദ്ഗ്രഥന പ്രദർശനത്തിന്റെ സംഘാടക-സാംസ്കാരികത്തനിമ വ്യക്തമാക്കുന്ന കരകൗശലവസ്തുക്കളും, നാനാദേശങ്ങളിലെ വിളകളും, ചെടികളും, പോസ്റ്ററുകളും പ്രദർശനത്തിൽ ഉണ്ടായിരുന്നു. ചിരടകൊണ്ടുള്ള വസ്തുക്കൾ ഏറെ ശ്രദ്ധിക്കപ്പെട്ടു.

ക്യാമ്പിൽ ഒരു ദിവസം എയ്ഡ്സിനെക്കുറിച്ചുള്ള ശിൽപ്പശാലയുണ്ടായിരുന്നു. ഡൽഹിയിൽ നിന്നുള്ള എം. മഹേഷ് ആയിരുന്നു മുഖ്യ നിർദ്ദേശകൻ. ക്യാമ്പിനോടനുബന്ധിച്ച് ജയ്പൂരിലെ പിങ്ക് സിറ്റിയിലൂടെ നടത്തിയ സൗഹാർദ്ദറാലിയിൽ ക്യാമ്പംഗങ്ങൾ പരമ്പരാഗത വേഷം ധരിച്ച് പങ്കെടുത്തു. വിവിധ ഭാഷാഗാനങ്ങളിൽ സാഹോദര്യത്തിന്റെയും, സ്നേഹത്തിന്റെയും സന്ദേശം അലയടിച്ചു എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ ക്യാമ്പിൽ കലാപരിപാടികൾ അവതരിപ്പിച്ചു.

ക്യാമ്പംഗങ്ങൾ പുരാതന നഗരത്തിലെ സ്മാരകങ്ങൾ സന്ദർശിച്ചു. ജന്തർ മന്തർ അമ്പർകോട്ട (ഗിന്നസ് ബുക്കിൽ രേഖപ്പെടുത്തപ്പെട്ട ഏറ്റവും വലിയ പീരങ്കി ഉള്ളത് ഇവിടെയാണ്), ജഗഗാഡ് ഫോർട്ട്, ബിർളാ മന്ദിർ, ഹവാമഹൽ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു. ക്യാമ്പിനോടനുബന്ധിച്ചുള്ള യാത്രയിൽ ആഗ്രയിലെ താജ്മഹലും, ആഗ്രപോർട്ടും, ഭരത്പൂരിലെ അപൂർവ്വ പക്ഷി സങ്കേതവും സന്ദർശിക്കാൻ ഞങ്ങൾക്ക് ഭാഗ്യം ലഭിച്ചു.

എല്ലാം കൊണ്ടും അവിസ്മരണീയമായിരുന്നു കേന്ദ്രമാനവശേഷി വിഭവ മന്ത്രാലയവും, കേന്ദ്രയുവജനകാര്യ വിഭാഗവും നടത്തിയ ഈ ശിബിരം. വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യങ്ങൾ എന്തെന്നറിയാൻ വഴിയൊരുക്കുന്ന എൻ.എസ്.എസ് അപൂർവ്വമായൊരു അവസരം ഞങ്ങൾക്ക് നൽകി. ഭാരതീയതയുടെ വൈജാത്യങ്ങളും, അതിലൂറി നിൽക്കുന്ന ഏകത്വവും അനുഭവിച്ചറിയാനായ ദിനങ്ങൾ, വേലിക്കെട്ടുകൾക്കും, അതിർവരമ്പുകൾക്കുമപ്പുറം സാഹോദര്യത്തിന്റെ വശ്യത നേരിട്ടറിഞ്ഞ മുഹൂർത്തങ്ങൾ, ഭാഷക്കും, മതവിശ്വാസങ്ങൾക്കുമപ്പുറം വിശ്വസ്നേഹത്തിന്റെ മംഗള സന്ദർഭങ്ങൾ പങ്കിടാനായ നിമിഷങ്ങൾ. ക്യാമ്പ് അവസാനിച്ച് വേർപിരിയുമ്പോൾ, രാജസ്ഥാനികളുടെയും, ബീഹാറികളുടെയും, ഹിമാചൽകാരുടെയും, റായ്ബറേലിക്കാരുടെയുമൊപ്പം ഞങ്ങളുടെയും കണ്ണുകൾ നനഞ്ഞത് ഈ അനുഭവങ്ങളുടെ ധന്യത വെളിവാക്കുന്നു.



# Career In Travel and Tourism

**SHAJID. P**



Nowadays travel and tourism industry is one of the most important flourishing industries in the world, and continental growth is certainity. The interest in Tour and Travel, both domestic and international, is increasing rapidly. With economy air fares, international public charter flights and short duration packaged trips there is literal boom in the travel business.

With the increasing interest in Travel and Tourism, there is a great scope for Travel agents. Travel agent must deal with every aspect of travel and must be able to cope with the travelling public,assisting with every travel need. The travel agent must present suitable rates, make reservations, prepare necessory documents to any destination in the world by any mode of transportation desired. The travel agents should then make recommendations and handle all the arrangements at the client's destination.This must include hotels, transfers, cruises, tours, sight seeing information, special events and other land arrangements. In short, travel agent must know deep and interrelated knowledge of all travel,tourism and tourist places in domestic and abroad.

Naturally,for these reasons the opportunities for travel agents, for career positions and for advancement are endless. Men and Women of every age with every conceirable background are training for and entering the travel field . Those just out of high school or perhaps with a year or two of college can easily learn the methods of ticketing and other information.

People with experience in office work, or in dealing with people in general, those with experience in sales or handling money plus many secretaries, teachers, waitresses,flight attendants or those just interested in travel-all have oppurtunity to be a travel agent. To be an agent or manager of a travel agency is an exciting and worth while job in these times.

The urge to explore new places and seek a change of environment and experience is not a new phenomenan. However,rapid development in the means of transport and communication in the present age has brought the whole world together and has made travel an easy affair. In fact,less than a century ago people considered a journey of a few hundred miles a very long one and tiring affair. But today millions of people enjoy the prospect of moving from one continent to another in few hours. Prosperity, leisure, coupled with the quest for pleasure and recreation are the principal motivating factors which sustain the development of mass movement of people.

In present times tourism is also being recognised as a big source of employment. It is a highly labour-intensive industry offering employment to thousands of both skilled and semi skilled. Travel and tourism is a service industry. Therefore there is great scope for service minded persons. It is a major source of income and employment for the people of many countries and regions of the world.

In addition to economic benifit to a country by way of earning foriegn exchange and employment generation, the tourism industry also makes a tremendous contribution to the improvement of social and political understanding among the people living in different parts of a country as well as different countries of the world. If we think in this way, in future India has great scope in Tourism & Travel. By this, India can reduce number of unemployees to a minimum.□

# ചരിത്ര പഠനത്തിന്റെ പ്രതിസന്ധി

ദാവൂദ്. സി.

ലോകനാഗരികതകളെയും, അവയുടെ സംഭാവനകളെയും വിശദമാക്കുന്ന ന്യൂയോർക്കിലെ ഒരു മ്യൂസിയത്തിൽ നൃത്തം, ഗണിതം, ജ്യോതിശാസ്ത്രം എന്നിവയിലുള്ള ഭാരതത്തിന്റെ മഹത്തായ സംഭാവനകളെ എടുത്ത് കാട്ടുന്നുണ്ട്. എന്നാൽ ചരിത്രപഠനത്തിൽ ഇന്ത്യയുടെ സ്ഥാനം 'സീറോ' ആയാണ് പ്രസ്തുത മ്യൂസിയത്തിൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ളത്.

ഗതകാലമഹിമകളിൽ ഊറ്റം കൊള്ളുന്നതിലുപരിയായി, വർത്തമാനത്തിന്റെ ഗതി നിയന്ത്രിക്കുന്നതിനുള്ള ഒരുപാധിയാണ് ചരിത്രം. ചരിത്രം അജ്ഞാതമാവുമ്പോൾ വർത്തമാനം വഴികേടിലാവുന്നു. ഈ സാർവ്വികതത്വം ഇന്ത്യയെ സംബന്ധിച്ചേടത്തോളം സത്യമാണ്. പ്രത്യേകിച്ച് അതിന്റെ പ്രായോഗികരൂപം രാഷ്ട്രത്തിന്റെ മുമ്പിൽ ഒരു ഭീകര സ്വത്വമായി നിലകൊള്ളുമ്പോൾ.

ഇന്ത്യയുടെ ആനുകാലികപ്രശ്നങ്ങൾ മിക്കതും ചരിത്രവുമായി ബന്ധപ്പെട്ടതാണ്. ബോഫോഴ്സ് മുതൽ സ്കാം അപവാദം വരെയുള്ള രാഷ്ട്രീയ-സാമ്പത്തിക പ്രശ്നങ്ങൾ പെട്ടെന്ന് കെട്ടടങ്ങിയപ്പോൾ, തീർത്തും ചരിത്രവുമായി ബന്ധപ്പെട്ട ബാബരി മസ്ജിദ്, കാശ്മീർ തുടങ്ങിയ പ്രശ്നങ്ങൾ എന്നും ഇന്ത്യൻ സമൂഹത്തിൽ, ചുഴറ്റി അടിക്കാൻ പോവുന്ന ന്യൂനമർദ്ദം പോലെ നിലനിൽക്കുന്നു.

യാഥാസ്തിക രാജ്യമാണ് ഇന്ത്യ. ഇവിടുത്തെ ചരിത്രകാരന്മാരും യാഥാസ്തിതികരായി എന്നുള്ളതാണ് നമുക്കേറ്റ ശാപം. ഇന്ത്യാചരിത്രം എന്ന ചരിത്രശാഖ അബദ്ധങ്ങളുടെയും, തെറ്റിദ്ധാരണകളുടെയും കേളീരംഗമാണ്. അല്ലെങ്കിൽ, സ്വാർത്ഥ താൽപ്പര്യക്കാരായ അവിവേകികൾ ചില പ്രത്യേക ലക്ഷ്യം വെച്ച് അതിനെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു. അവർ എഴുതിവെച്ച ചരിത്രമാണ് നാം അപ്പാടെ വിഴുങ്ങുന്നത്. അതിൽ നിന്നും വ്യതിരിക്തമായി, സത്യത്തോട് ആഭിമുഖ്യം പുലർത്തുന്ന ഒരു ചരിത്രപഠനത്തിന് ആധുനിക ചരിത്രകാരന്മാർ മുതിരുന്നില്ല. ആരെങ്കിലും അത്തരത്തിലുള്ള ഒരു വയ്യാവേലിക്ക് ഒരുമ്പെടുകയാണെങ്കിൽ തന്നെ പുരോഗമനവാദികളെന്ന് വിളിക്കപ്പെടുകയോ, സ്വയം വിശേഷിപ്പിക്കുകയോ ചെയ്യുന്നവർ അതിനെതിരെ വാളോങ്ങുന്നതാണ് സമീപകാല അനുഭവങ്ങൾ. പഴയതിൽ നിന്നും മാറാൻ തയ്യാറല്ല എന്ന ചരിത്രകാരന്മാരുടെ ഈ വഴി തന്നെയാണ് ഇന്ത്യൻ സമസ്യകളുടെ മൂലഹേതുവും.

ചരിത്രപരമായ സംഗതികളെ വിമർശനാത്മകമായി വിലയിരുത്തുക എന്നത് ലോകത്ത് തുടർന്നുപോന്ന ഒരു ശൈലിയാണ്. പക്ഷെ, തെറ്റിദ്ധരിക്കപ്പെട്ട ചരിത്രത്തെ തിരുത്തുന്നത് പോകട്ടെ, വിമർശനാത്മകമായി ഒന്നു ചിന്തിക്കാൻപോലും, നമ്മുടെ ചരിത്രകാരന്മാരും, ഭരണകൂടം നടത്തുന്ന പഠനകേന്ദ്രങ്ങളും മെനക്കെടുന്നില്ല എന്നത് നമ്മുടെ ചിന്താമേഖലയിലെ ഒരു ദുര്യോഗം തന്നെയാണ്. മുസ്‌ലിം നാമധേയത്തിൽ അറിയപ്പെടുന്ന ഏത് ഭരണാധികാരിയും, ഇന്ത്യാചരിത്രത്തിന്റെ ഭാഷയിൽ 'മതഭ്രാന്തന്മാ'രാണല്ലോ. അതുപോലെ ഇന്ത്യയിലേക്ക് ഇസ്ലാം കടന്നുവന്നത് അക്രമത്തിലൂടെയും, ക്ഷേത്രക്കവർച്ചയിലൂടെയുമാണെന്നാണ് ഇന്ത്യാചരിത്രം നമ്മോട് വിളിച്ചു പറയുന്നത്. മുഗളകാലഘട്ടത്തിൽ ക്ഷേത്രക്കവർച്ചക്ക് ഒരു പ്രത്യേക വകുപ്പ് തന്നെ ഉണ്ടായിരുന്നത് പോലെ തോന്നും, ഇന്ത്യാചരിത്രം പരിശോധിച്ചാൽ. മുസ്ലീകൾ ഇത് കാര്യമായെടുത്തില്ലെങ്കിലും, മുസ്ലീമേതര ജനവിഭാഗങ്ങളിൽ, മുസ്ലീം സമുദായത്തോടുണ്ടാവുന്ന മതിപ്പും, അഭിപ്രായവും ഇടിയുമെന്ന് മാത്രമല്ല, പരസ്പരം തെറ്റിദ്ധരിച്ച് കടിച്ച് കീറാനും അത് വഴിയൊരുക്കും.

ഇന്ത്യ തീർത്തും പുരാതനപാരമ്പര്യമുള്ളതും, ആ പാരമ്പര്യപ്രോക്തമായ വർത്തമാനത്തിന്റെ വക്താക്കളുമാണ്. ചരിത്രത്തെ ജീവിതനയത്തിന്റെ തുലനോപാധിയാക്കുന്ന ഒരു സമൂഹ സമക്ഷം, ചരിത്രം അവധാനതയോടുകൂടിയോ, കാൽപനിക കഥകൾ രചിക്കുന്ന രീതിയിലോ, കൈകാര്യം ചെയ്യുക എന്നത് ചരിത്രകാരന് ചേർന്നതല്ല. തസ്ലീമമാരും, റുഷ്ദിമാരും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ താൽക്കാലികമാണെങ്കിൽ, ഇത്തരം ചരി

ത്രകാരന്മാർ സൃഷ്ടിക്കുന്ന പ്രതിസന്ധി സ്ഥായിയാണ്. ജനമനസ്സുകൾ അത് തലമുറകളിലേക്ക് വ്യാപനം ചെയ്യുകയും, അവസാനം ചരിത്രത്തെറ്റുകൾ യാഥാർത്ഥ്യമായി പരിണമിക്കാനും ഇടയുണ്ട്. ബ്രാഹ്മണനെ മുഖ്യ ഉപദേഷ്ടാവാക്കുകയും സ്വന്തം കോട്ടയിൽ ക്ഷേത്രം അനുവദിക്കുകയും ചെയ്ത ടിപ്പുസുൽത്താൻ വർഗ്ഗീയ വാദിയായതും, പാവപ്പെട്ട ഔറംഗസേബ് മതഭ്രാന്തനായതും, ചരിത്രത്തെറ്റുകൾ യാഥാർത്ഥ്യമാവുന്നതിന്റെ ഉദാഹരണങ്ങൾ മാത്രം. മഹിതമായ സാംസ്കാരികാസ്തിത്വവും, നാഗരികതയും മുഖമുദ്രയാക്കി ജിവിച്ചിരുന്ന ദ്രാവിഡജനതക്കു മേൽ രൂക്ഷവും, ക്രൂരവുമായ അതിക്രമങ്ങൾ അഴിച്ചുവിട്ട് രാഷ്ട്രീയാധിപത്യം നേടിയ ആര്യന്മാർ, ഇന്ന് സമൂഹത്തിലെ ഉന്നതരും, മർദ്ദിതരായ ദ്രാവിഡർ നീചരുമാണ്. അവർക്ക് തങ്ങളുടെ മഹിമയെപ്പറ്റി ചിന്തിക്കാനുള്ള അവസരം പോലും നഷ്ടപ്പെട്ടിരിക്കുകയാണ്.



നാം ആദരിക്കുകയും പുകഴ്ത്തുകയും ചെയ്യുന്ന ചരിത്രപുരുഷന്മാർ യഥാർത്ഥത്തിൽ മുഖം മൂടി ധാരികളാണെന്ന്, രചിക്കപ്പെട്ട ഇന്ത്യാചരിത്രം പൊടി തട്ടി പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളു. വൈദേശിക കൊളോണിയലിസ്റ്റായ വാസ്കോഡഗാമ നമുക്ക് വികസനത്തിന്റെ പാത കാണിച്ചുതന്ന 'മഹാനാണ്'. എന്നാൽ ഇന്ത്യയിൽ കേണൽ ഡയറിനെപ്പോലും കടത്തിവെട്ടുന്ന ക്രൂരതയുടെ പര്യായമായിരുന്നു യഥാർത്ഥത്തിൽ ഗാമ. ഒരു കയ്യിൽ വാളും, മറുകയ്യിൽ കുരിശുമായി കടന്നുവന്ന് മിഷനറിയും, കോളണിവൽക്കരണവും സമന്വയിപ്പിക്കുകയായിരുന്നു ഗാമ. അല്ലെങ്കിൽ ഗാമയുടെ അഭിപ്രായത്തിൽ മിഷനറിയും, കോളണിവൽക്കരണവും പരസ്പര പൂരകങ്ങളായിരിക്കാം. "കേരള മുസ്ലീംസ്-ദ ലോംഗ് സ്ട്രഗ്ഗ്ൾ" എന്ന ഗ്രന്ഥത്തിൽ പ്രൊഫ. കെ.എം. ബഹാഉദ്ദീൻ അക്കാര്യം വ്യക്തമാക്കുന്നുണ്ട്. 400-ഓളം തീർത്ഥാടകരുള്ള ഒരു ഹജ്ജ് കപ്പലിലെ സ്ത്രീകളും, കുട്ടികളും അടങ്ങുന്ന യാത്രക്കാരെ ബന്ധിച്ച്, കപ്പലിന് തീ കൊളുത്തി അവരെ ചുട്ടെരിച്ചുകൊണ്ടായിരുന്നു ഗാമയുടെ കാപ്പാട്ടെ രംഗപ്രവേശം. ഈ ഗാമക്ക് വേണ്ടിയാണ് നാം യൂനിവേഴ്സിറ്റിയിൽ ചെയർ സ്ഥാപിക്കാൻ ഒരുങ്ങുന്നത്. ഈ ഗാമയുടെ വരവിന്റെ 500-ാം വാർഷികം ആഘോഷിക്കാനും ഇവിടെ ആളുകളുണ്ടായി. ക്രൂരരിൽ ക്രൂരനായ ഈ കൊളോണിയലിസ്റ്റിന് വേണ്ടി വേദമോതുന്നവർ ശുദ്ധ രാജ്യദ്രോഹികളാണ്. നിർഭാഗ്യമെന്ന് പറയട്ടെ, അക്രമികളായ പോർച്ചുഗീസുകാർക്കെതിരെ പടവെട്ടിയ കുഞ്ഞാലിമരക്കാരെപ്പോലുള്ളവർക്ക് സ്മാരകം ഒരുക്കാൻ വൈമനസ്യം കാണിക്കുന്ന നമ്മൾ ചരിത്രപുരുഷന്മാരോട് ചെയ്യുന്ന ഈ ക്രൂരത മാപ്പർഹിക്കാത്തതാണ്.

**മുഗളകാലഘട്ടത്തിൽ ക്ഷേത്രക്കവർച്ചക്ക് ഒരു പ്രത്യേക വകുപ്പ് തന്നെ ഉണ്ടായിരുന്നത് പോലെ തോന്നും, ഇന്ത്യാചരിത്രം പരിശോധിച്ചാൽ.**

എല്ലാ ചരിത്ര പുരുഷന്മാരുടെയും, സംഭവങ്ങളുടെയും യഥാർത്ഥ ചിത്രം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടെങ്കിലും, അവയുടെ കപടമുഖങ്ങൾ പ്രകടിപ്പിക്കുന്ന

ചരിത്രപഠനങ്ങൾക്കാണ് നമ്മുടെ നാട്ടിൽ സ്ഥാനം. പഠിക്കുന്നതും, പഠിപ്പിക്കുന്നതും അതുതന്നെ. നാം സമാദരണീയനായി കാണുന്ന ഗാന്ധിജിക്ക് പോലും ചരിത്രത്തിൽ കുറെ മുഖം മൂടികളുണ്ട്. വൈക്കം സത്യാഗ്രഹകാലത്ത് ഗാന്ധിജി നടത്തിയ ഉരുണ്ടുകളികളും, പിന്നോക്കക്കാരെ അപമാനിച്ചുകൊണ്ട് സത്യാഗ്രഹത്തെ തുരങ്കം വെക്കാൻ ശ്രമിച്ചതുമെല്ലാം പരിശോധിക്കുമ്പോൾ, ഗാന്ധിജി വെറും 'സവർണ്ണനായ എം. കെ. ഗാന്ധി' മാത്രമാണെന്ന് ബോധ്യമാവും. പി. കെ. ബാലകൃഷ്ണന്റെ "ജാതിവ്യവസ്ഥയും കേരളചരിത്രവും", ഇളംകുളം കുഞ്ഞൻ പിള്ളയുടെ "ചില കേരള ചരിത്രപ്രശ്നങ്ങൾ",എം. ദിവാകരന്റെ "കേരളവും ഗാന്ധിജിയും", "വൈക്കം സത്യാഗ്രഹ സ്മാരകഗ്രന്ഥം", എ. കെ. പിള്ളയുടെ "കോൺഗ്രസ്സും കേരളവും" തുടങ്ങിയ ഗ്രന്ഥങ്ങൾ ഗാന്ധിജിയുടെ മുഖംമൂടികൾ വലിച്ചുകീറുന്ന ചരിത്രഗ്രന്ഥങ്ങളാണ്. പക്ഷേ, എന്തുകൊണ്ടോ, ഇവ നമ്മുടെ ചിന്താ മണ്ഡലത്തിലും, സമൂഹത്തിലും സ്വാധീനം ചെലുത്തിയില്ല. അതുതന്നെയാണ് നമ്മുടെ ദുര്യോഗവും.

എം. ദിവാകരന്റെ "ഗാന്ധിജിയും കേരളവും" പറയുന്നതു ശ്രദ്ധിക്കുക: 1925 –മാർച്ച്–4ന് ഗാന്ധിജി വൈക്കത്ത് പൊതുസമ്മേളനത്തിന് വന്നു. പരിപാടി പുലയർ ബഹിഷ്ക്കരിച്ചു. അവർ പ്രസംഗം കേൾക്കാൻ പോയില്ല. സവർണ്ണരായ കോൺഗ്രസ്സുകാർ അവരുടെ പണിക്കാരായ പുലയരെ സദസ്സിന്റെ മുമ്പിൽ കൊണ്ടുപോയി ഇരുത്തി. അവരെ നോക്കി ഗാന്ധിജി പ്രസംഗിച്ചു. "നിങ്ങളെക്കണ്ടാൽ കുളിക്കില്ലെന്നും, വസ്ത്രം നനക്കില്ലെന്നും അറിയാം." ഇത് നമ്മുടെ സാക്ഷാൽ 'മഹാത്മാ'വിൽ നിന്നു തന്നെ വന്നതാണ്. യഥാർത്ഥത്തിൽ കോൺഗ്രസ്സ് മേൽവിലാസം സത്യഗ്രഹത്തിന് ദോഷകരമായിരുന്നു. സത്യഗ്രഹത്തിന്റെ മേൽവിലാസം കോൺഗ്രസ്സിന് ഗുണകരവും. 1921 നവമ്പർ 20–ന് ഗാന്ധിജി "യംഗ് ഇന്ത്യ"യിൽ മലബാർ സമരവുമായി ബന്ധപ്പെട്ട് എഴുതിയ കുറിപ്പ് കണ്ടാൽ നാം ലജ്ജിച്ചു തലതാഴ്ത്തും. മാനവികതയുടെ അവതാരമായി വാഴ്ത്തുന്ന 'മഹാത്മജി'യുടേതാണാ വാക്കുകൾ എന്ന് ഉറപ്പിക്കാൻപ്രയാസപ്പെടും. ചരിത്രം അങ്ങനെയൊന്നുമല്ല അദ്ദേഹത്തെ സംബന്ധിച്ച് നമുക്ക് പറഞ്ഞുതന്നത്.

**ഒരു കയ്യിൽ വാളും, മറുകയ്യിൽ കുരിശുമായി കടന്നുവന്ന് മിഷനറിയും, കോളണിവൽക്കരണവും സമന്വയിപ്പിക്കുകയായിരുന്നു ഗാമ.**

**കോൺഗ്രസ്സ് മേൽവിലാസം സത്യഗ്രഹത്തിന് ദോഷകരമായിരുന്നു. സത്യഗ്രഹത്തിന്റെ മേൽവിലാസം കോൺഗ്രസ്സിന് ഗുണകരവും.**

കടലാസുപുലികളായ വീരൻമാർ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുമ്പോൾ തന്നെ, മഹാൻമാരായ ചരിത്രപുരുഷൻമാർ അവഗണനയുടെ അഗാധഗർത്തത്തിൽ തള്ളപ്പെടുകയായിരുന്നു. ബീഗം ഹസ്രത്ത് മഹൽ, കുഞ്ഞാലിമരയ്ക്കാർ, അയ്യങ്കാളി അങ്ങിനെയെത്രയെത്ര ഉദാഹരണങ്ങൾ. ഈ ചരിത്രപുരുഷൻമാരെ സമൂഹത്തിന് പരിചയപ്പെടുത്തേണ്ടതും, കടലാസുപുലികളെ തുറന്നു കാട്ടേണ്ടതും ചരിത്രകാരന്റെ ധർമ്മമാണ്. ചരിത്ര പഠനത്തിന്റെ പ്രതിസന്ധിക്ക് അപ്പോൾ മാത്രമെ പരിഹാരം ഉണ്ടാവുകയുള്ളൂ.

# CHEMISTRY OF MISCHIEVOUS STUDENTS

SUBAIDA. A

It was clearly proved that the fundemental laws of students applied to both mischievous and non-mischievous students alike. Yet the mischievous students are kept in a seperate branch. The reasons for the treatment of mischievous students as a seperate branch of study are given below :

1.VERY LARGE NUMBER : The total number of mischievous students have gone above the mark. To the exciting number every year a few more students are being added as a result of collision between parties. In fact the mischievous students themselves need further classification for simplification and systematisation.

2. UNIQUE PROPERTY : Their unity is the unique property which combines with all sorts of harmful activities so as to give useless by-product.

The main differences between mischievous and nonmischievous students are summerised below :

i) Mischievous students have low melting point and high boiling point and are generally volatile and combustible with few exceptions. Non-mischievous as a rule of 'Book Worm' are neither volatile nor combustible.

ii) The atomic weight of mischievous students varies from student to student, though their head weight remains constant. Mischievous students are denser than non-mischievous students.

iii) Mischievous students cannot be dis-associated by various energies such as teachers and attenders. They react vigourously in their presence by decreasing their discipline.

iv) They have great affincity towards movies, hence cutting classes becomes their regular process.Thus leading to attendance shortage and resulting in destructive collision.

## Nature of Reaction

1) They turn red when left un-noticed. They grow paler and become blue with anger when noticed.

2) Burns brightly outside the college.

3) They precipitate and have high melting point when progress report is handed over to their parents.


4) Fume when brought in contact with the principal.

## Importance

1) They are used as the weapons for the politicians to fight for and against the government.

2) They are important elements, who are held responsible for the increase of 'cool-bars' and 'production of cigars', there by helping the shopkeepers to earn their living and there by reducing the population of beggars.

CAUTION : To be handed with care.



# ജീനും പൈതൃകവും

## നൗഷാദ്. വി. പി.

"നിന്റെയെല്ലാം തന്തയായി പിറന്നതാണ് ഞാൻ ചെയ്ത തെറ്റ്." കുരുത്തംകെട്ട പിള്ളേരോട് ഇങ്ങനെ പറഞ്ഞ് അരിശം തീർക്കുന്നവർ ധാരാളം. യഥാർത്ഥത്തിൽ അവർ പറയുന്നത് ഒരു സത്യം മാത്രമാണ്.

പഠനത്തിലുള്ള അശ്രദ്ധ, പുകവലി, മദ്യപാനം തുടങ്ങി കുട്ടികളിൽ കണ്ട് വരുന്ന ഒട്ടേറെ വൈകൃതങ്ങൾക്ക് പാരമ്പര്യവാഹകരായ ജീനുകൾക്ക് പങ്കുണ്ടെന്ന് ആധുനിക ശാസ്ത്രം പറയുന്നു.

ജനിതക, ജീവശാസ്ത്ര ഘടകങ്ങൾക്ക് സ്വഭാവ നിർണ്ണയത്തിലുള്ള പങ്ക് പൂർണ്ണമായും നിഷേധിക്കാൻ സാധ്യമല്ല. രാഷ്ട്രീയ അക്കാദമിക എതിർപ്പുകളെ മറികടന്ന് നടത്തപ്പെടുന്ന ഒട്ടേറെ പരീക്ഷണങ്ങൾ ഈ വസ്തുതക്ക് സാക്ഷിയാണ്.

സൈമൺ ലെവേ അറിയപ്പെടുന്ന ശാസ്ത്രജ്ഞനാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലെസ്ബിയൻസ് ആന്റ് ഗേയ്സ് എന്ന സംഘടനയുടെ സ്രഷ്ടാക്കളിലൊരാൾ കൂടിയാണദ്ദേഹം. സ്വർവഗഭോഗികളായ സ്ത്രീ പിരുഷന്മാരുടെ ഹൈപോതലാമസി (ലൈംഗിക സ്വഭാവത്തെ നിർണ്ണയിക്കുന്ന തലച്ചോറിന്റെ ഭാഗം) ന്റെ വലിപ്പം സാധാരണത്തേതിന്റെ പകുതിയായിരിക്കുമെന്നദ്ദേഹം തെളിയിച്ചു.

ബോസ്റ്റൺ സർവ്വകലാശാലയിലെ റിച്ചാർഡ്. സി. പൊള്ളാർഡ് നടത്തിയ കണ്ടുപിടുത്തമനുസരിച്ച് ലൈംഗിക വൈകൃതങ്ങൾക്ക് ശക്തമായ ജനിതകബന്ധങ്ങളുണ്ട്. ഈ കണ്ടുപിടുത്തങ്ങൾ സ്വവർഗ്ഗഭോഗികൾ വ്യാപകമായി ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നുവെന്നത് മറ്റൊരു കാര്യം.

ഏതായാലും യൂജെനിക്സ് എന്ന ശാസ്ത്രശാഖ പുനരുജ്ജീവിക്കുകയാണ്. 'ഒരാളും അയാളുടെ അച്ഛനെപ്പോലെയായതിന് നിങ്ങൾ അയാളെ പഴിചാരരുത്. അതവർക്ക് മാറ്റാനാവില്ലല്ലോ.'എത്രയോമുമ്പ് അറബി കവി പാടിയ വരികളാണിത്.

ജീനുകളും സ്വഭാവവുമായുള്ള ബന്ധം ഈ നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് ഏറെ ചർച്ച ചെയ്യപ്പെട്ടത്. യൂജെനിക്സ് എന്ന ശാസ്ത്രശാഖയുടെ വളർച്ചക്ക് അത് വഴി വെച്ചു. കായബലവും, ബുദ്ധിയും ഒത്തിണങ്ങിയ ജനുസ്സിൽ പെട്ടവരെ വിവാഹം ചെയ്യിച്ച് മേത്തരം തലമുറയെ ഉൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ച് പ്ലാറ്റോ എത്രയോ മുമ്പ് പറഞ്ഞിരുന്നു. ഇത് ഒന്നുകൂടി വിപുലീകരിച്ച് ജീൻ സംയോജനത്തിലൂടെ സൂപ്പർമനുഷ്യനെ സൃഷ്ടിക്കുകയായിരുന്നു യൂജെനിക്സിന്റെ ലക്ഷ്യം. പക്ഷെ, സദാചാരപരമായ ഒട്ടനേകം പ്രശ്നങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്. ഇത്തരം എതിർപ്പും, വേണ്ടത്ര വസ്തുത പിൻബലമില്ലായ്മയും മൂലം ഈ ശാസ്ത്രശാഖ ഇന്നും അതിന്റെ ശൈശവ ദശയിലാണ്.

അമേരിക്കയിലെ ജയിലുകളിൽ 1960 ൽ നടത്തിയ ഒരു പരീക്ഷണ പരമ്പര യൂജെനിക്സിൽ പുത്തൻ താൽപ്പര്യമുളവാക്കി. പലതരം കുറ്റകൃത്യങ്ങൾക്ക് ബന്ധനത്തിൽ കഴിയുന്നവരെയായിരുന്നു ജനിതകപരീക്ഷണങ്ങൾക്ക് വിധേയമാക്കിയത്. ഇവരിൽ 90 ശതമാനത്തിലധികം ആളുകളുടെ ജീനിലും ക്രമാതീതമായ തോതിൽ 'വൈ'ക്രോമസോമുകളുടെ ആധിക്യം അക്രമവാസനകളുമായുള്ള ബന്ധം ഇന്നും ശാസ്ത്രജ്ഞരെ അൽഭുതപ്പെടുത്തുന്നു. ഫിൽ ഡൊണാഹ്യൂ എന്ന സുപ്രസിദ്ധനായ മനഃശാസ്ത്രജ്ഞൻ പ്രഖ്യാപിക്കുന്നു: മാനസിക തകരാറുകളും സമ്മർദ്ദങ്ങളും മനസ്സിലാക്കി ചികിത്സിക്കാൻ കഴിയുന്ന കാലം അടുത്തെത്തിയിരിക്കുന്നു.

1970 കളിൽ അമേരിക്കയിലെ മിന്നസട്ടോ യൂണിവേഴ്സിറ്റിയിൽ പ്രൊഫസറായ തോമസ്. ജെ. ബോക്കാർഡാണ് ജനിതകസ്വഭാവങ്ങളെക്കുറിച്ച് ഞെട്ടിപ്പിക്കുന്ന കുറെ വിവരങ്ങൾ പുറത്ത് വിട്ടത്. ജനനസമയത്ത് വേർപ്പിരിഞ്ഞ അമ്പതോളം ഇരട്ടകളെ ഉപയോഗിച്ചായിരുന്നു ബൊക്കാർഡിന്റെ പരീക്ഷണം. പിറന്നതിനുശേഷം ഈ ഇരട്ടകൾ അപൂർവ്വമായി പോലും അന്യോന്യം കണ്ടിരുന്നില്ല. പക്ഷെ ഇവരുടെ സ്വഭാവ പ്രകൃതങ്ങൾ അനാദൃശ്യമായ സാദൃശ്യങ്ങളുള്ളവയായിരുന്നു.

ബൊക്കാർഡിന്റെ പരീക്ഷണ വിധേയരായ രണ്ട് ബ്രിട്ടീഷുകാരികളുടെ കഥ പ്രസ്താവ്യമാണ്. ഇരട്ടകളായിരുന്ന അവരിരുവരും ഏഴ് വളകളാണിട്ടിരുന്നത്. ഇരുവർക്കും ആദ്യം പിറന്നത് ആൺകുട്ടികൾ. അവർക്ക് പേരിട്ടതാവട്ടെ .യഥാക്രമം റിച്ചാർഡ് ആൻഡ്രൂവെന്നും, ആൻഡ്രൂറിച്ചാർഡെന്നും !

മറ്റൊന്ന് ഒരു അമേരിക്കൻ ഇരട്ട സഹോദരൻമാരുടെ കഥയാണ്. ഇരുവരും തങ്ങളുടെ നായക്ക് പേരിട്ടത് ടോണി. അവർ വിവാഹം കഴിച്ച ആദ്യത്തെ പെണ്ണ് ലിൻഡ. ലിൻഡയെ ഒഴിവാക്കിയ ശേഷം ഇരുവരും വിവാഹം ചെയ്ത സ്ത്രീയുടെ പേര് ബെറ്റി.

സാദൃശ്യങ്ങൾ അങ്ങനെ നീളുമ്പോൾ ശാസ്ത്രലോകം ഇതു കണ്ടമ്പരന്നു. ബൊക്കാർഡിന്റെ നിരീക്ഷണങ്ങളെ ഒട്ടനവധിയാളുകൾ ചോദ്യം ചെയ്തു. ഒരു ഹോളിവുഡ് തിരക്കഥയുടെ വിശ്വാസ്യതയേ 'ഇരട്ട'കളുടെ കഥക്കുള്ളൂവെന്ന് മിന്നിസട്ടോയിലെ തന്നെ മറ്റൊരു പ്രധാന ശാസ്ത്രജ്ഞൻ ലിയോൺ. ജെ. കാമിൻ പറഞ്ഞു.

ബൊക്കാർഡ് പഠനങ്ങൾ മനുഷ്യസ്വഭാവത്തിന് നിദാനമായ ജീനുകളെക്കുറിച്ച് കാര്യമായൊന്നും പറയുന്നില്ല. 1980 കളിലാണ് ജീനും, ബുദ്ധിശക്തിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പെൻസിൽവാനിയ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ മനശാസ്ത്രജ്ഞൻ റോബർട്ട് പ്ലോമിൻ രംഗത്തു വരുന്നത്. പ്ലോമിന്റെ അഭിപ്രായത്തിൽ ബുദ്ധി നിർണ്ണയിക്കുന്നതിൽ പാരമ്പര്യത്തിന് 50 ശതമാനമേ പങ്കുണ്ടായിരുന്നുള്ളൂ. പക്ഷെ, പ്ലോമിന്റെ കണ്ടുപിടുത്തം ലണ്ടനിലെ സൺഡെ ടെലഗ്രാഫ് റിപ്പോർട്ട് ചെയ്തതിങ്ങനെയാണ് :ധിഷണാശാലികൾ സ്വയം ജനിക്കുന്നു. ആർക്കും ധിഷണകളെ ഉണ്ടാക്കാനാവുന്നില്ല–പ്ലോമിൻ.

ബുദ്ധിശക്തി നിർണ്ണയിക്കുന്ന ചില പ്രത്യേക ജീനുകൾ വേർതിരിക്കുന്നതിൽ പ്ലോമിൻ വിജയിച്ചുവെന്ന് ടെലഗ്രാഫ് റിപ്പോർട്ട് ചെയ്യുകയുണ്ടായി. സ്കിസോഫ്രാനിയക്കും, മാനസികതകരാറുകൾക്കും കാരണമായ ജീനുകൾ അനവധിയാണെന്നും ഓരോ ജീനി[...] ഇതിൽ ചെറിയ പങ്കേ ഉള്ളൂവെന്നും [...] ലക്ഷം ഡോളർ ചെലവഴിച്ച് പ്ലോമ[...] നടത്തിയ പഠനങ്ങൾ തെളിയിക്കുക[...] ണ്ടായി.

മദ്യപാനവും, ജീനുകളുമായു[...] ബന്ധമാണ് ശാസ്ത്രജ്ഞരെ വള[...] ധികം ആകർഷിക്കുന്നത്. മറ്റേതിനെ[...] ളുമധികം ബാക്കസ് ദാസന്മാരുടെ [...] തകവൈകല്യമാണ് തെളിയിക്കപ്പെട്[...] ള്ളത്.

അക്രമവാസനയും, ജനിതകഘ[...] യുമായുള്ള ബന്ധം ഈയടുത്ത [...] ലത്ത് അമേരിക്കയിൽ ഏറെ വിവ[...] ങ്ങൾക്ക് കാരണമാവുകയുണ്ടായി. [...] വെള്ള ശാസ്ത്രജ്ഞന്റെ അഭിപ്ര[...] ത്തിൽ കറുത്തവർക്ക് വെളുത്തവ[...] അപേക്ഷിച്ച് ആറിരട്ടിയോളം അക്രമ[...] സനകൂടും. ഇത് വെള്ളക്കാരന്റെ [...] വെച്ച നുണയാവാനുള്ള സാധ്യത [...] തലാണ്.

# ഇസ്ലാമും സൗന്ദര്യശാസ്ത്രവും

മുഹമ്മദലി. പി.

"ദൈവം സുന്ദരനാണ്, അവൻ സൗന്ദര്യത്തെ ഇഷ്ടപ്പെടുന്നു." വിശുദ്ധ ഖുർആനിന്റെ വചനമാണിത്. പ്രപഞ്ചത്തിന്റെ മനോക്തമായ സൃഷ്ടിപ്പിൽ ദൈവിക സൗന്ദര്യത്തിന്റെ മനോഹാരിത മനുഷ്യൻ കണ്ടെത്തുന്നു. എല്ലാ വസ്തുക്കളെയും നിസ്തുലവും, മനോഹരവുമായി സൃഷ്ടിച്ച ദൈവം സൗന്ദര്യത്തിന്റെ വ്യത്യസ്ത തലങ്ങളെ മാനുഷികത്വത്തിനു മുമ്പിൽ ആവിഷ്ക്കരിക്കുന്നു. ഡോ. സകീ നജീബ് മഹ്മൂദ് പറയുന്നു : നിലവിലുള്ള സമുഹത്തിലെ പിഴച്ച ചിന്തകരിൽ ചിലർ തങ്ങളുടെ ജീവിതാനുഭവങ്ങൾ വഴി ദർശിച്ച കാര്യങ്ങളിൽ നിന്നും സൗന്ദര്യവും വൈരൂപ്യവും എന്തെന്നും, അവ തമ്മിൽ ഭിന്നിക്കുന്ന ബിന്ദു ഏതെന്നും മനസ്സിലാക്കിയിരിക്കും. പക്ഷെ, അതോടൊപ്പം തന്നെ സൗന്ദര്യത്തിന്റെ എല്ലാ ഘടകവുമൊത്ത വസ്തുവെ സുന്ദരമെന്നും, എല്ലാ ഘടകവും ഒന്നിക്കാത്തതിനെ വിരൂപമെന്നും വിളിക്കാൻ അവർക്ക് സാധിക്കുന്നില്ല. ചിന്തയുടെ അഗാധതയിൽ നിന്ന് ഉരുത്തിരിയുന്ന ഒരു യാഥാർത്ഥ്യത്തെ (അഥവാ സത്യത്തെ) മായ്ച്ച് കളയാനുള്ള ശ്രമമാണവർ നടത്തുന്നത്. യഥാർത്ഥത്തിൽ സൗന്ദര്യ-വൈരൂപ്യങ്ങളുടെ വേർതിരിവ് നിശ്ചയിക്കേണ്ടത് ആ പരമസത്യമാണ്.

ഇസ്ലാമിക സൗന്ദര്യ ശാസ്ത്രത്തിന്റെ അടിത്തറ നില കൊള്ളുന്നത് ഈ പരമസത്യത്തിലേക്കുള്ള പ്രയാണത്തിന്റെ ഉപാധിയായാണ്. സൗന്ദര്യത്തെ അളക്കുന്നതിന് കേവലം പഞ്ചേന്ദ്രിയങ്ങൾ മാത്രം ഉപാധിയാക്കാവുന്നതല്ല. സൗന്ദര്യം പദാർത്ഥവും, ആത്മാവുമാണ്. ബോധവും, അബോധവുമാണ്. ബുദ്ധിയും, അനുഭവവുമാണ്. ഖുർആൻ പറയുന്നു : കണ്ണുകളല്ല അന്ധത പ്രാപിച്ചിരിക്കുന്നത്, അവരുടെ ഹൃദയങ്ങളാണ് അന്ധത ബാധിച്ചത്.

പ്രപഞ്ചത്തിലെ ഏറ്റവും മഹത്തായ മൂല്യങ്ങൾ സത്യം, നന്മ, സൗന്ദര്യം എന്നിവയാണെന്ന് പൗരാണിക തത്വചിന്തകർ അഭിപ്രായപ്പെടുന്നു. അവരുടെ ഈ സങ്കല്പം ചരി

ത്രത്തിൽ നിന്ന് അരിച്ചെടുത്ത ദാർശനിക സൃഷ്ടിയാണ്. ഇസ്ലാമിന്റെ വീക്ഷണത്തിൽ കലയ്ക്കും, മതത്തിനും ഒരു പോലെ ഒരു പരമസത്യത്തെകുറിച്ച് പറയാനുണ്ട്. വിശുദ്ധഖുർആൻ എല്ലാ വിഷയത്തിലും മനുഷ്യന്റെ ബോധമണ്ഡലത്തെ സൗന്ദര്യത്തിലേക്ക് തിരിച്ചു വിടുന്നു. യഥാർത്ഥ കലയുടെ ലക്ഷണം അത് സത്യവും, സൗന്ദര്യവുമായി ഒരേ സമയം ഇഴുകിച്ചേരുന്നു എന്നതാണ്.

സൗന്ദര്യം കേവലം ഭൗതികമല്ല. അത് ആത്മീയതയുടെയും, ഭൗതികതയുടെയും മിശ്രിതമാണ്. അതിന്റെ സ്വാധീനം ബുദ്ധി, ആത്മാവ്, ചിന്ത തുടങ്ങിയവയിൽ നിന്ന് രൂപം കൊള്ളുന്നവയാണ്. സൗന്ദര്യാനുഭൂതിയാവട്ടെ യാദൃച്ഛികതയാണ്. പഞ്ചേന്ദ്രിയം കൊണ്ട് മാത്രം അതിനെ മനസ്സിലാക്കാൻ കഴിയില്ല. ഇതാണ് ഇസ്ലാമിന്റെ സൗന്ദര്യസങ്കല്പം. ചുറ്റുപാടിന്റെ മനോഹാരിതയെ ഉപരിപ്ലവമായ സൗന്ദര്യമായല്ല ഇസ്ലാം നോക്കിക്കാണുന്നത്. സുന്ദരിയായ സ്ത്രീയേയും, പുഷ്പത്തേയും, നദിയെയും, സുന്ദരമായി സൃഷ്ടിച്ച് രൂപകൽപ്പന ചെയ്ത ഒരു ശക്തിയിലേക്കാണ് ഇസ്ലാമിക സൗന്ദര്യശാസ്ത്രത്തിന്റെ താഴ്വേരുകൾ ചെന്നെത്തുന്നത്. ആ അതുല്യ കലാകാരന്റെ കരങ്ങൾ തേടിയുള്ള അന്വേഷണമാണ് ഇസ്ലാമിന്റെ സൗന്ദര്യ വീക്ഷണം. അതിനാൽ തന്നെ ഇത്തരത്തിലുള്ള സൗന്ദര്യാസ്വാദനം മനുഷ്യചിന്തയെ ഉദ്ദീപിപ്പിക്കുന്നു. അഥവാ ഇസ്ലാം വിശ്വാസത്തിന്റെ ഘടകങ്ങളിൽ ഒന്നായാണ് സൗന്ദര്യത്തെ വീക്ഷിക്കുന്നത്. വിശ്വാസത്തിന്റെ കാരണം കൂടിയാണത്.

പാശ്ചാത്യ സൗന്ദര്യശാസ്ത്രവും, ഇസ്ലാമിക സൗന്ദര്യശാസ്ത്രവും വേർപിരിയുന്നത് ഈ സന്ധിയിൽ വെച്ചാണ്. ആധുനിക സൗന്ദര്യ ശാസ്ത്രത്തിൽ, “കല പരമലക്ഷ്യമാണ്, മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും സ്വാധീനം കലയെ മലീമസമാക്കും.” ഡാർവിന്റെ ഭാഷയിൽ പറഞ്ഞാൽ ‘മതങ്ങൾ ചങ്ങലകളാണ്, കല സ്വാതന്ത്ര്യവും മോചനവുമാണ്.’ ഇവിടെ സൗന്ദര്യമാണ് പ്രധാനം. അവ ഉൾക്കൊള്ളുന്നത് നന്മയായാലും, തിന്മയായാലും അതിനെ ബാധിക്കുന്നില്ല. ഇസ്ലാം സൗന്ദര്യത്തിന്റെ മൂല്യങ്ങൾ ഉയർത്തിക്കാട്ടുന്നു. അതിന് പരിശുദ്ധിയും, നിർമ്മലതയും കൽപ്പിക്കുന്നു. സൗന്ദര്യം അതിന്റെ യാഥാർത്ഥ്യത്തെ കണ്ടെത്തണമെങ്കിൽ, ശക്തവും അന്യൂനവുമായിത്തീരണമെങ്കിൽ അത് ആത്മീയതയുടെ കിരണങ്ങളേറ്റ് പ്രഫുല്ലമാവണം. സൗന്ദര്യം ആത്മീയതയുടെയും, ഭൗതികതയുടെയും മിശ്രിതമാണ്. അതിന്റെ വ്യക്തമായ ഉദാഹരണം സുന്ദരസൃഷ്ടിയായ ഈ പ്രപഞ്ചം തന്നെയാണ്. അതുകൊണ്ടാണ് ഖുർആൻ പ്രാപഞ്ചിക പ്രതിഭാസങ്ങളെക്കുറിച്ച് ചിന്തിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത്. മഹാനായ കവി ഇഖ്ബാൽ പറയുന്നു : സോക്രട്ടീസ് തന്റെ ചിന്ത മുഴുവൻ കേന്ദ്രീകരിച്ചത് മനുഷ്യകുലത്തിന്റെ മേൽ മാത്രമാണ്. സസ്യങ്ങളുടെയും, പ്രാണികളുടെയും, നക്ഷത്രങ്ങളുടെയും ലോകം അദ്ദേഹം പരിഗണിച്ചതേയില്ല. ഇത് ഖുർആനിന്റെ ശൈലിയിൽ നിന്ന് തീർത്തും വ്യത്യസ്തമാണ്. ഒരു തേനീച്ചയുടെ ഉദാഹരണത്തിൽ പോലും ദൈവിക സാന്നിദ്ധ്യത്തെ ഉണർത്തുന്ന ഖുർആൻ വായനക്കാരനെ കാറ്റുകളുടെ ഗതിവ്യതിയാനങ്ങൾ ശ്രദ്ധിക്കാനും, മേഘങ്ങളും, ആകാശവസ്തുക്കളും നിരീക്ഷിക്കാനും പ്രേരിപ്പിക്കുന്നു.

വിശുദ്ധഖുർആൻ സൗന്ദര്യത്തിന്റെ സർവ്വ കവാടങ്ങളും മനുഷ്യന്റെ മുമ്പിൽ തുറന്നിടുന്നു. ഖുർആനാണ് ഇസ്ലാമിക സൗന്ദര്യശാസ്ത്രം രൂപപ്പെടുത്തിയെടുക്കാനുള്ള അടിത്തറ. അനന്തതയെക്കുറിക്കുന്ന പ്രകാശവൃത്തം പോലെ, മുഖവുരയില്ലാതെ ആശയത്തെ സ്പർശിച്ച് ഒരു ചലച്ചിത്രത്തിലെന്ന പോലെ മാറിമറയുന്ന ചിത്രങ്ങൾ. അതിലൂടെ മനസ്സിൽ മിന്നിമറയുന്ന പ്രപഞ്ചവും അതിന്റെ മനോഹര സൃഷ്ടി വൈഭവവും അവയിലന്തർലീനമായ ചൈതന്യത്തിലേക്ക് മനുഷ്യനെ കൈപിടിച്ചാനയിക്കുന്നു. വർത്തമാനത്തിൽ നിന്നും ഭാവിയിലേക്ക് അവ മനുഷ്യന്റെ കണ്ണ് തുറപ്പിക്കുന്നു. പ്രസിദ്ധ ചിന്തകനായ മുഹമ്മദ് ഖുതുബിന്റെ ഭാഷയിൽ പറഞ്ഞാൽ “വിശുദ്ധ ഖുർആൻ എല്ലാ കാര്യത്തിലും മനുഷ്യന്റെ ബോധമണ്ഡലത്തെ സൗന്ദര്യത്തിലേക്ക് തിരിച്ചുവിടുന്നു. അവന്റെ ഹൃദയത്തിലുള്ള സാധ്യതകളെ ചലനാത്മകവും, പുഷ്കലവുമാക്കാനാണത് ശ്രമിക്കുന്നത്. വസ്തുക്കളോടും, ജീവികളോടും സംവദിക്കാൻ അത് മനുഷ്യനോട് ആവശ്യപ്പെടുന്നു. ഈ ബിന്ദുവിലാണ് മതവും, കലയും സംഗമിക്കുന്നത്.”

സത്തയിലേക്കുള്ള വഴിയാണ് ഇസ്ലാമിക കല. ആ സത്തയുടെ സൗന്ദര്യമറിയുകയാണ് ഇസ്ലാമിക സൗന്ദര്യശാസ്ത്രത്തിന്റെ ലക്ഷ്യം. ഇസ്ലാമിക കലയുടെ ഏറ്റവും ചൈതന്യരൂപമായ ശില്പകലയിലും, കാലിഗ്രാഫിയിലും ഈ സവിശേഷത വളരെ പ്രകടമാണ്. ദൈവത്തിന്റെ വിശേഷണങ്ങളാണ് അവയുടെ ഉറവിടങ്ങൾ. ത്രികോണങ്ങളും, ചതുരങ്ങളും അടങ്ങുന്ന ജ്യാമിതീയ രൂപങ്ങൾ അതിവിദഗ്ദമായി ഇണക്കിയെടുത്ത ഇസ്ലാമിക ശില്പകലയും, അനുവാചക മനസ്സിനെ അനന്തമായ ഉറവിടം തേടി യാത്രയാക്കുന്നു. ആ യാത്ര ചെന്നെത്തുന്നതും പൂർണ്ണത പ്രാപിക്കുന്നതും ദൈവികസത്തയിലാണ്.

സാധാരണ കലയുടെ സൗന്ദര്യം ഏറ്റവും ആദ്യം ഇന്ദ്രിയങ്ങളെ ആനന്ദിപ്പിക്കുന്നു. ശബ്ദങ്ങളുടെയും, വർണ്ണങ്ങളുടെയും സവിശേഷകലയിൽ ഇന്ദ്രിയങ്ങൾക്കപ്പുറമുള്ള മനസ്സുകൂടി പുളകം കൊള്ളുന്നു. ചുരുക്കത്തിൽ “ദൃശ്യവും സൃഷ്ടിയുമായ പ്രപഞ്ചത്തിന്റെ സുഷിരങ്ങളിലൂടെ തേജോമയമായ ഒരു അനന്തതയെ നാം കാണുന്നു. മനക്കണ്ണിന്റെ ഈ സഞ്ചാരത്തിൽ ഇസ്ലാമിക സൗന്ദര്യശാസ്ത്രത്തിന്റെ ആത്മാവ് പ്രകാശിക്കുന്നു”, എന്ന ഇ. വി. അബ്ദുവിന്റെ വചനങ്ങൾ ഇസ്ലാമിക സൗന്ദര്യശാസ്ത്രത്തിന്റെ മർമ്മത്തെ നമുക്കു മുമ്പിൽ വരച്ചു കാട്ടുന്നു. ●

# മാർക്കോണി അൽഭുതമനുഷ്യൻ

സെയ്ദ് മുഹമ്മദ്. പി.വി

വളരെ കുറച്ച് ശാസ്ത്രജ്ഞർക്ക് മാത്രമേ അവരുടെ കണ്ടു പിടുത്തങ്ങൾ കൊണ്ട് ധനലാഭം ഉണ്ടാക്കാനായിട്ടുള്ളൂ. (മറ്റാരെങ്കിലും അവരുടെ നേട്ടങ്ങളെ ഉപയോഗപ്പെടുത്തുകയാണ് പതിവ്.) വളരെ കുറച്ച് പേർക്കു മാത്രമേ ചെറുപ്പത്തിൽ തന്നെ പേരും പെരുമയും നേടാനുമായിട്ടുള്ളൂ. ഇതിനെല്ലാം അപവാദമായിരുന്നു ജൂഗ്ലീൽ മോ മാർക്കോണി. മുപ്പത് വയസ്സിനു മുമ്പ് തന്നെ അദ്ദേഹം ലോകപ്രശസ്തി നേടുകയുണ്ടായി. വലിയ 'ഏറ്റു മുട്ടലു'കളൊന്നും കൂടാതെ തന്നെ അദ്ദേഹത്തിന്ന് തൊട്ടതെല്ലാം പൊന്നാക്കാൻ കഴിഞ്ഞു.

1874 ഏപ്രിൽ 25ന് ഒരു ഇറ്റാലിയൻ ധനാഢ്യന്റേയും, ഐറിഷ് സ്ത്രീയുടേയും പുത്രനായി മാർക്കോണി ജനിച്ചു. പത്തു വയസ്സിനു മുമ്പുതന്നെ വൈദ്യുതപ്രവർത്തനങ്ങളിൽ മാർക്കോണി അസാധാരണ പാടവം കാണിച്ചിരുന്നു. സ്വന്തമായി കുറച്ച് ഉപകരണങ്ങളും, പരീക്ഷണപ്രവർത്തനങ്ങളും മാർക്കോണിക്കുണ്ടായിരുന്നു. പക്ഷെ, ഈ 'കുട്ടിക്കളി'കളെ പിതാവ് പ്രോൽസാഹിപ്പിച്ചില്ല. എന്നാൽ നിർലോഭ പിന്തുണ നൽകിയ മാതാവിന്റെ സാന്നിദ്ധ്യമായിരുന്നു അദ്ദേഹത്തിന് പ്രചോദനമേകിയത്. പിതാവറിയാതെ വീടിന്റെ തട്ടിൻ പുറത്തായിരുന്നു മാർക്കോണിയുടെ പരീക്ഷണങ്ങൾ. പിന്നീട് ജ്യേഷ്ഠൻ അൽഫോൻസോയും മാർക്കോണിക്ക് പ്രോൽസാഹനം നൽകി.

ഒരിക്കൽ, വൈദ്യുത കാന്തിക തരംഗങ്ങൾക്ക് പ്രകാശപ്രവേഗമുണ്ടെന്ന് തെളിയിച്ച ജർമ്മൻ ശാസ്ത്രകാരനായ ഹെർട്സിനെക്കുറിച്ച് ഒരു ലേഖനം ഒരു പ്രസിദ്ധീകരണത്തിൽ മാർക്കോണി കാണാനിടയായി. അന്ന് അദ്ദേഹത്തിന് 20 വയസ്സ് മാത്രമാണ് പ്രായം. 'സ്പാർക്ക് ഡിസ്ചാർജി'നെ ആധാരമാക്കി ഒരു പ്രാഥമിക വിദ്യുത്കാന്തതരംഗ ജനറേറ്ററും, അത്തരം തരംഗങ്ങൾക്കുള്ള ഒരു റിസീവറും മാർക്കോണി നിർമ്മിച്ചിട്ടുണ്ടായിരുന്നു. ഈ പ്രതിഭാസത്തിന്റെ പ്രായോഗികവശത്തെക്കുറിച്ചായിരുന്നു മാർക്കോണി ഉടൻ ചിന്തിച്ചത്. കമ്പികളില്ലാതെ, മോർസ് കോഡ് ഉപയോഗിച്ച് സന്ദേശങ്ങൾ അയക്കാനും, സ്വീകരിക്കാനും ഇതുപയോഗപ്പെടുത്താം എന്നദ്ദേഹം കണ്ടുത്തുകയും ചെയ്തു. ഈ അൽഭുതപ്രതിഭാസത്തിന്റെ ഇത്തരമൊരു പ്രായോഗികതയെക്കുറിച്ച് എന്തേ ആരും ചിന്തിച്ചില്ല എന്ന് അദ്ദേഹം പിന്നീട് പലപ്പോഴും അൽഭുതപ്പെട്ടിട്ടുണ്ടത്രേ. പക്ഷേ, അന്ന് ലോകം മറ്റനേകം മാർക്കോണിമാരെക്കൊണ്ടനുഗ്രഹീതമായിരുന്നില്ലല്ലോ.

അന്തരീക്ഷത്തിലൂടെ സന്ദേശങ്ങളയക്കുക എന്ന ചിന്തയുമായി മാർക്കോണി തട്ടിൻ പുറത്ത് പരീക്ഷണങ്ങളുമായി കഴിഞ്ഞുകൂടി. അദ്ദേഹം സ്വന്തമായി ട്രാൻസ്മിറ്ററുകളും, റിസീവറുകളും നിർമ്മിക്കുകയും, അവയെ മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തു. സന്ദേശങ്ങൾ മോർസ് കോഡ് ഉപയോഗിച്ചായിരുന്നു അയച്ചിരുന്നത്. ക്രമേണ സന്ദേശങ്ങൾ സഞ്ചരിക്കുന്ന ദൂരം കൂടിക്കൂടി വന്നു. ആദ്യം വീട്ടിൽ നിന്ന് തോട്ടത്തിലേക്ക്, പിന്നീട് വയലിലേക്ക്, പിന്നീട് നോക്കെത്താ ദൂരത്തേക്ക് എന്നി

ങ്ങനെ പുരോഗമിച്ചു വന്നു. സ്വീകരിക്കപ്പെടുന്ന സന്ദേശങ്ങൾ ഒരു 'റൈഫിൾ ഷോട്ട്' കൊണ്ടായിരുന്നു തിരിച്ചറിഞ്ഞിരുന്നത്. അൽഭുതമെന്ന് പറയട്ടെ, കെട്ടിടങ്ങളും, കുന്നുകളും, ഭൂമിയുടെ വക്രതകൾ പോലും തരംഗങ്ങളുടെ സഞ്ചാരത്തെ തടയുകയില്ലെന്ന് മാർക്കോണി കണ്ടെത്തി. ( ആ സമയത്തും, അന്തരീക്ഷത്തിലെ 'അയണോസ്ഫിയർ' എന്ന പാളി റേഡിയോ തരംഗങ്ങളെ പ്രതിഫലിപ്പിക്കുകയും, ഭൂമിയിലേക്ക് തിരിച്ചയക്കുകയും ചെയ്യും എന്ന് മാർക്കോണിക്കറിവില്ലായിരുന്നു.)

മോർസ് കോഡ് ഉപയോഗിച്ച് 15 കിലോമീറ്ററോളം ദൂരത്തേയ്ക്ക് സന്ദേശങ്ങളയക്കാമെന്ന് മാർക്കോണി തെളിയിച്ചപ്പോൾ, ആദ്യം നിരുൽസാഹപ്പെടുത്തിയ പിതാവുപോലും അദ്ദേഹത്തെ പ്രോൽസാഹിപ്പിച്ചു. മാർക്കോണിയെ അദ്ദേഹം ഇറ്റാലിയൻ പോസ്റ്റ് ആന്റ് ടെലഗ്രാഫ് ഡിപ്പാർട്ട്മെന്റിൽ പരിചയപ്പെടുത്തി. പക്ഷെ, മാർക്കോണിയുടെ ആശയങ്ങളോട് അവർ വലിയ ഉൽസാഹമൊന്നും കാണിച്ചില്ല. (പിന്നീട് അവർക്ക് മാർക്കോണിക്ക് മുമ്പിൽ തല കുനിക്കേണ്ടി വന്നത് വിധിവൈപരീതം മാത്രം!)

1896ൽ മാർക്കോണി തന്റെ ഭാഗ്യം പരീക്ഷിക്കാനായി ഇംഗ്ലണ്ടിലേക്ക് പോയി. അവിടത്തെ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് അദ്ദേഹത്തെ കുറേക്കൂടി മനസ്സിലാക്കാൻ ശ്രമിക്കുകയും, അദ്ദേഹത്തിന്റെ ആശയങ്ങൾ സ്വീകരിക്കുകയും ചെയ്തു. ആ സമയത്ത് ബ്രീട്ടീഷ് റോയൽ നേവി നടുക്കടലിലെ യുദ്ധക്കപ്പലുകളുമായി നിരന്തരബന്ധം സ്ഥാപിക്കാനുള്ള ശ്രമത്തിലുമായിരുന്നു. 1898ൽ ഒരൊറ്റപ്പെട്ട ലൈറ്റ് ഹൗസിലെ ജോലിക്കാർ ഒരപകട വാർത്ത അറിയിക്കുകയും, തക്ക സമയത്ത് തന്നെ രക്ഷാപ്രവർത്തനങ്ങൾ നടക്കുകയും ചെയ്തപ്പോഴാണ്, ആദ്യമായി കമ്പിയില്ലാക്കമ്പി പ്രായോഗികമായി ഉപകരിക്കപ്പെട്ടത്.

മാർക്കോണി പിന്നെ തിരിഞ്ഞുനോക്കിയതേയില്ല. 1901 ഡിസ. 12ന്റെ രാത്രിയിൽ മാർക്കോണിയും കൂട്ടുകാരും തണുപ്പിനെ വകവെക്കാതെ കാനഡയിൽ ഒരു കൊച്ചു കൂരയിൽ തങ്ങളുടെ റിസീവറിനു ചുറ്റും കൂടിയിരിക്കുകയായിരുന്നു. ശക്തമായ ഒരു കാറ്റടിച്ചു. പെട്ടെന്ന് റിസീവറിന്റെ കീ 'ട' എന്ന അക്ഷരം വ്യക്തമാക്കിക്കൊണ്ട് മൂന്ന് ബിന്ദുക്കൾ രേഖപ്പെടുത്തി. ആ സന്ദേശം ഇംഗ്ലണ്ടിലെ കോൺവാളിൽ നിന്ന് അറ്റ്ലാന്റിക്കും കടന്നായിരുന്നു വന്നത്. മാർക്കോണി ശരിക്കും സ്വർഗ്ഗീയാനുഭൂതിയിലാറാടിയ നിമിഷങ്ങളായിരുന്നു അവ. ആ രാജകീയ നിമിഷത്തിൽ



അദ്ദേഹം ഒരു 27 കാരൻ മാത്രമായിരുന്നു.

കപ്പലുകൾ, നേവൽവിഭാഗം, വ്യാപാരികൾ തുടങ്ങിയവരായിരുന്നു കാര്യമായും, കമ്പിയില്ലാക്കമ്പിയുടെ പ്രായോജകർ. 1912ൽ 'ഒരിക്കലും മുങ്ങാത്ത' 'ടൈറ്റാനിക്' ഒരു മഞ്ഞുമലയുമായി കൂട്ടിയിടിക്കുകയും, കടലിൽ താഴുകയും ചെയ്തപ്പോൾ, അരമണിക്കൂർ നീന്തൽ മാത്രമാവശ്യമുള്ളത്ര ദൂരത്തിൽ ഉണ്ടായിരുന്ന മറ്റൊരു കപ്പലിൽ നിർഭാഗ്യവശാൽ ജോലിക്കാരാരും ശ്രദ്ധിക്കാതിരുന്നതിനാൽ സന്ദേശം ലഭിച്ചില്ല. പക്ഷെ, വളരെ ദൂരെയുണ്ടായിരുന്ന 'കാർപെത്തിയ' എന്നൊരു കപ്പൽ സിഗ്നൽ സ്വീകരിക്കുകയും, ഉടൻ കുതിച്ച് പാഞ്ഞ് ഏതാണ്ട് മൂന്നിലൊന്ന് ആളുകളെ രക്ഷപ്പെടുത്തുകയും ചെയ്തു.

തുടർന്നുള്ള വർഷങ്ങളിൽ മറ്റനേകം ശാസ്ത്രജ്ഞരുടെയും ഗവേഷണഫലമായി വയർലസ്സ്, വാർത്താ വിനിമയരംഗത്ത് ഒരു കുതിച്ചു ചാട്ടം തന്നെ നടത്തി. ലീ ഡെ ഫോറസ്റ്റിന്റെ താപവാൽവുകൾ, മോർസ് കോഡ് ഉപയോഗിക്കാതെ സംസാരം നേരിട്ട് തന്നെ (സംഗീതവും !) സംപ്രേക്ഷണം ചെയ്യാൻ വഴി എളുപ്പമാക്കി. റേഡിയോ സംപ്രേക്ഷണം അങ്ങനെ യാഥാർത്ഥ്യമാവുകയും, ലോകം ഒരു 'ഗ്ലോബൽ വില്ലേജി'ലേക്കുള്ള ആദ്യപടി ചവിട്ടുകയും ചെയ്തു.

മാർക്കോണി തന്ത്രപരനായി ഒരു ബിസിനസ്സ്കാരൻ കൂടിയായിരുന്നു. ജീവിതാവസാനം വരെ, തന്റെ കണ്ടുപിടുത്തങ്ങളിൽ നിന്നുള്ള മുഴുവൻ ലാഭവും അദ്ദേഹം സ്വായത്തമാക്കിയിരുന്നു.

ഒരു ഇറ്റലിക്കാരനാണെന്നതിൽ മാർക്കോണി വളരെയധികം അഭിമാനിച്ചിരുന്നു. എത്രത്തോളമെന്നാൽ, 'ലോകത്ത് ഇറ്റലിക്കാർ മാത്രം മതി'യെന്ന് പറഞ്ഞ മുസ്സോളിനിയുടെ ഫാസിസ്റ്റ് പ്രസ്ഥാനത്തിലെ ഒരു സജീവാംഗമായിരുന്നു അദ്ദേഹം. 1937ൽ തന്നെ മൃതിയടഞ്ഞതിനാൽ തന്റെ രാജ്യത്തിന് വന്ന ഗതികേടിന് അദ്ദേഹത്തിന് സാക്ഷിയാകേണ്ടി വന്നില്ല.

മനുഷ്യകുലത്തിന് അർപ്പിച്ച മഹിത സംഭാവനകൾ മാർക്കോണിയെ ലോകത്തിന്റെ നെറുകയിലേക്കുയർത്തി. 1909ലെ നോബൽ സമ്മാനമടക്കം ധാരാളം പുരസ്കാരങ്ങളും അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. അദ്ദേഹം നിര്യാതനായപ്പോൾ ലോകം ശ്രദ്ധാഞ്ജലികൾ അർപ്പിച്ചത് രണ്ട് മിനുട്ട് നേരത്തെ ആഗോള റേഡിയോ നിശബ്ദതയിലൂടെയാണ് !

# എൻ. വി. യുടെ കാവ്യലോകം

ഫർദീസ്. എ. വി.

കാൽപ്പനിക കവികളുടെ ഹാങ്ങോവറിൽ കഴിഞ്ഞിരുന്ന മലയാള കവിതാ സാഹിത്യത്തിലേക്ക്, ലളിത കോമള കാന്ത പദാവലി മാത്രമാണ് മികച്ച കവിതയെന്ന ധാരണ രൂഢമൂലമായിരുന്ന കാലത്ത് പുതിയൊരു മണിപ്രവാള ഭാഷയുമായി കടന്നുവന്ന് കവിതാലോകത്ത് വിപ്ലവം സൃഷ്ടിക്കുകയായിരുന്നു മലയാള സാഹിത്യ ലോകത്തെ എക്കാലത്തെയും ജീനിയസ്സെന്നു വിശേഷിപ്പിക്കപ്പെടുന്ന എൻ. വി. കൃഷ്ണവാരിയരിലെ കവി ചെയ്തത്. പഴമക്കാർ അസഭ്യമെന്നു കരുതിയിരുന്ന വാക്കുകളെ കാവ്യസംസ്കാരത്തിലേക്ക് കൊണ്ടുവന്ന്, ചങ്ങമ്പുഴയും പിൽക്കാലത്ത് വന്ന കവികളും സൃഷ്ടിച്ച പ്രേമത്തിന്റെയും, ദുഃഖത്തിന്റെയും 'മായാമധുര'ത്തെ അകറ്റിക്കളഞ്ഞ എൻ. വി. വൈകാരികതീവ്രത കൂടാതെ തന്നെ കവിത എത്രമേലാകർഷകമാക്കാമെന്ന് സാഹിത്യ ലോകത്ത് തെളിയിച്ചു കൊടുക്കുകയായിരുന്നു തന്റെ പുതിയ പരീക്ഷണങ്ങളിലൂടെ.

അതിഭാവുകത്വത്തിന്റെയും, പുരോഗമനവ സാഹിത്യപ്രസ്ഥാനത്തിലെ വിപ്ലവകവികളുടെ ആഹ്വാനപ്രധാനസമ്പ്രദായത്തിൽ നിന്നും വ്യത്യസ്തമായി ഒരു റിയലിസ്റ്റിക് ആഖ്യാനരീതിയിലൂടെ കവിതകളിൽ ആരോഗ്യപരമായ പരിവർത്തനങ്ങൾക്ക് തുടക്കം കുറിച്ച് കാണിച്ചു കൊടുക്കുകയായിരുന്നു എൻ. വി. നീണ്ട കവിതകൾ, കുറെക്കൂടി നീണ്ട കവിതകൾ, കൊച്ചുതൊമ്മൻ, വിദ്യാപതി എന്നീ കവിതാ സമാഹാരങ്ങളിലൂടെ ഈയൊരു പരീക്ഷണത്തിന്റെ ദൃഷ്ടാന്തങ്ങൾ കവിതാപ്രേമികൾക്ക് കാഴ്ച വെക്കുകയായിരുന്നു എൻ. വി. ചെയ്തത്.

മലയാള കവിതാ സാഹിത്യത്തിൽ അന്നു വളർന്നു കൊണ്ടിരുന്ന അതിഭാവുകത്വത്തെ നിയന്ത്രിക്കുകയും, കൃത്രിമമായ രചനാ മാർദ്ദവത്തെയും, അയഥാർത്ഥാന്തരീക്ഷത്തെയും മാറ്റിയെടുത്ത് ശക്തിയുക്തവും പരുഷവുമായ ശൈലിയും, യാഥാർത്ഥ്യനിഷ്ഠങ്ങളായ വസ്തുതാവർണ്ണനങ്ങളും മലായള കവിതകളിൽ പരീക്ഷിച്ച് വിജയിക്കുകയായിരുന്നു എൻ. വി. ഇതിലൂടെ ചെയ്തത്.

എൻ. വി. കവിതകളുടെ മുഖ്യമായൊരു സവിശേഷത അവ കഥാകഥനമാണെന്നുള്ളതാണ്. ജീവിതത്തിന്റെ സമസ്തമേഖലയെയും കഥാ കവിതകൾ കൊണ്ട് അവതരിപ്പിക്കുവാൻ എൻ. വി. ശ്രമിച്ചിട്ടുണ്ട്. കഥക്ക് പ്രാധാന്യം കൽപ്പിച്ച് കവിതയുടെ മറ്റു ഘടകങ്ങൾ കഥാ പോഷണത്തിനു വേണ്ടി നിയന്ത്രിക്കുകയെന്ന രീതിയായിരുന്നു എൻ. വി. സ്വീകരിച്ചിരുന്നത്. പക്ഷെ, കവിതകളിൽ വെറും നൂതനമോ, പുരാതനമോ ആയ ഒരു കഥ വിവരിച്ച് കവിത പൂർത്തീകരിക്കുകയല്ല എൻ. വി. ചെയ്തത്. മറിച്ച് കവിതയുടെ അന്തിമബിന്ദുവിൽ നിന്നു കൊണ്ട് സമൂഹത്തിലെ നിലവിലുള്ള അനാചാരങ്ങൾക്കെതിരെ ശബ്ദിക്കാനുള്ള ഒരു ഉപാധിയായാണ് അദ്ദേഹം കവിതകളിൽ കഥാകഥന സമ്പ്രദായം നടപ്പിലാക്കിയത്. എൻ. വി. യുടെ കവിതകളിൽ അദ്ദേഹം കഥക്കു നൽകിയ പ്രാധാന്യം അംഗീകരിക്കപ്പെടുകയും, വൃത്തങ്ങൾക്കും മറ്റുമുള്ള വാശി ഉപേക്ഷി

ക്കപ്പെടുകയും ചെയ്തിരിക്കുന്നുവെന്നത് തന്നെ ഇന്ന് നമ്മോടൊപ്പമില്ലെങ്കിലും ആ വ്യക്തിത്യത്തിന്റെ അവശേഷിക്കുന്ന സ്മരണക്ക് മാറ്റ് കൂടുകയാണ്.

എൻ. വി.യുടെ കാവ്യലോകത്തെ 1947 വരെയുള്ള കവിതകളെടുത്ത് പരിശോധിച്ചാൽ മിതവും പക്വവും പ്രസന്നവുമായ സ്വരമാണതിൽ മുഴങ്ങുന്നത്. ശുഭപ്രതീക്ഷയും, സമരോഷ്മളതയും അതിൽ കൂടിക്കലർന്നിരിക്കുന്നു. ഏറെക്കുറെ ഇവയിൽ രാഷ്ട്രീയ വസ്തുതകൾ കൂടിച്ചേർന്നിരിക്കുന്നതായി നമുക്ക് കാണാം. എന്നാൽ 1947നുശേഷം രചിച്ച കവിതകളിൽ ഉഗ്രവും, കർക്കശവും, തീക്ഷ്ണവുമായ പ്രതിഷേധത്തിന്റെ ഇടിമുഴക്കങ്ങളാണ് നിറഞ്ഞുനിൽക്കുന്നത്. ചങ്ങലകളാൽ ബന്ധിക്കപ്പെട്ട മർത്യന്റെ വേദനയും, പ്രഹരമേൽക്കുന്ന മുതുകുകളുടെ വേദനയും, അടിച്ചമർത്തപ്പെട്ട ജനവിഭാഗത്തിന്റെ സ്വാതന്ത്ര്യാവേശവും കഥാകഥന രീതികൾകൊണ്ട് എൻ. വി. സുന്ദരമായി വരച്ചുകാട്ടി.

ക്ലാസ്സിക്ക്, റൊമാന്റിക്ക്-റിയലിസ്റ്റിക്ക് ആവിഷ്ക്കാരങ്ങളിൽ നിന്നും ഔചിത്യപൂർവ്വം സങ്കലനം ചെയ്തു നിർമ്മിച്ച രൂപശില്പമായിട്ടാണ് നിരൂപകർ എൻ. വി. കവിതകളെ വിലയിരുത്തുന്നത്. അക്ലിഷ്ടമായ ശൈലി കൊണ്ടും അനന്യസുലഭങ്ങളായ മിശ്രണ വൈഭവം കൊണ്ടും, കഥാകഥനരീതികൾ കൊണ്ടും ആസ്വാദ്യകരമായ എൻ. വി. കവിതകൾ സാമൂഹ്യ വിമർശനങ്ങൾക്ക് നല്ലൊരു ചൂണ്ടുപലകയായി വർത്തിച്ചിരുന്നു.

വിദ്യ അഭ്യസിക്കാനായി കലാലയത്തിലേക്ക് കടന്നു വരികയും ശേഷം അവിടത്തെ ജാടകളിൽ ആകൃഷ്ടനായി തന്റെ ആത്യന്തിക ലക്ഷ്യമൊക്കെ മറന്നു പോകുന്ന മദ്രാസ് ക്രിസ്ത്യൻ കോളേജിലെ കൊച്ചു തൊമ്മനെ അവതരിപ്പിക്കുന്ന 'കൊച്ചുതൊമ്മൻ ഒരു വിദ്യാർത്ഥി പുരാണവും ' മർദ്ദിക്കപ്പെടുന്ന ആഫ്രിക്കൻ മർത്യന്റെ വേദനകളെ വരച്ചുകാട്ടുന്ന 'ആഫ്രിക്ക'യും ഈയൊരു സാമൂഹ്യവിമർശനങ്ങൾക്ക് മകുടോദാഹരണങ്ങളാണ്.




ഇടിമുഴക്കങ്ങൾ സൃഷ്ടിക്കുന്ന സാമൂഹ്യവിമർശനത്തോടൊപ്പം തന്നെ ആക്ഷേപഹാസ്യത്തിന്റെ കൂർത്ത മുനകളിലൂടെ സമൂഹത്തെ ചോദ്യം ചെയ്യാൻ എൻ. വി. കവിതകളിലൂടെ തുനിഞ്ഞിരുന്നു. 'ഗാന്ധിജിയും ഗോദ്സെയും', 'കൊച്ചുതൊമ്മൻ' എന്നീ കവിതകൾ എൻ. വി. യുടെ ആക്ഷേപഹാസ്യത്തിന്റെ രൂക്ഷത അനുവാചകർക്ക് വ്യക്തമാക്കിത്തരുന്നവയാണ്.

സാമൂഹ്യപരിവർത്തനത്തിന് ഉപയുക്തമാക്കാവുന്ന ഒരു സ്രോതസ്സായി സാഹിത്യത്തെ കണ്ട എൻ. വി. ക്ക് സാഹിത്യത്തിന്റെ സാമൂഹ്യലക്ഷ്യത്തെക്കുറിച്ച് തികഞ്ഞ ധാരണ ഉണ്ടായിരുന്നു.

സാഹിത്യകാരന് സമൂഹത്തിന്റെ ആചാര്യനെന്ന പദവിയുണ്ടാകണമെന്ന വിശ്വാസപ്രമാണത്തിനൊത്തു തന്റെ കാവ്യജീവിതം രൂപപ്പെടുത്തിയിരുന്ന വ്യക്തിത്വമാണ് എൻ. വി. കവിതയുടെയും, വിമർശകന്റെയും ദൃഷ്ടികൾ ഒന്നിനോടൊന്നപോലെ ഇണങ്ങി ചേർന്നിട്ടുള്ള എൻ. വിയുടെ പ്രതിഭ, എല്ലാ വിജ്ഞാനശാഖകളെയും കവിതയുടെ വികാസത്തിനായി ഉപയോഗപ്പെടുത്താമെന്ന് തെളിയിച്ചു.

പൊതുവെ ഗദ്യാത്മക ശൈലിയിലൂടെ പരുക്കൻ യാഥാർത്ഥ്യങ്ങളെ കഥാകഥന രീതിയിലൂടെ മലയാള കവിതയിൽ ആദ്യമായി അവതരിപ്പിച്ച് അനുവാചകർക്കിടയിൽ സ്ഥിരപ്രതിഷ്ഠ നേടിയ എൻ. വി. യുടെ കവിത കാൽപ്പനിക ഭാവനയുടെ വികാരതരളതക്കു പകരം യാഥാർത്ഥ്യ ബോധത്തിന്റെ ലാളിത്യവും ശക്തിയും പകരുന്ന ശക്തിയുള്ള ശബ്ദമായി എന്നെന്നും മലയാള കവിതാ സാഹിത്യത്തിൽ മുഴങ്ങുമെന്നതിൽ സംശയമില്ല. ●

ലേഖനം



# പുതുലോക ക്രമം, ഗാട്ട്, ഇന്ത്യ

## മുഹമ്മദ്. കെ. പാലത്ത്

രണ്ടാം ലോക മഹായുദ്ധത്തിന്റെ പരിസമാപ്തിയോടുകൂടി ലോകത്തെങ്ങുമുള്ള സാമ്രാജ്യത്വ രാഷ്ട്രങ്ങൾ അവരുടെ കോളനികൾക്ക് സ്വാതന്ത്ര്യം നൽകാൻ തുടങ്ങി. അങ്ങിനെ നാല്പതുകളിലും, അൻപതുകളിലുമൊക്കെയായി ഇന്ത്യയടക്കമുള്ള അനേകം മൂന്നാം ലോകരാഷ്ട്രങ്ങൾ കൊളോണിയലിസത്തിൽ നിന്നും മോചനം നേടി. എന്നാൽ അതേ സമയത്തുതന്നെ പുതിയ കൊളോണിയലിസത്തിന് അതേ രാജ്യങ്ങൾ തന്നെ അടിത്തറ പാകിയിരുന്നു. അന്നത്തെ വൻകിട രാജ്യങ്ങൾ മുൻകൈയെടുത്ത് സംഘടിപ്പിച്ചതാണ് IMF, ലോകബാങ്ക്, ഗാട്ട് എന്നീ സ്ഥാപനങ്ങളെന്നത് അതാണ് തെളിയിക്കുന്നത്.

ഇന്ന് ലോകത്തെയാകെ നയിക്കുന്നത് അമേരിക്കയുടെ നേതൃത്വത്തിലുള്ള വികസിത, മുതലാളിത്ത, വ്യവസായവൽകൃത രാഷ്ട്രങ്ങളാണ്. തങ്ങൾക്കെതിരെ ലോകത്ത് ഒരു ശക്തിയും ഉയർന്നു വരരുതെന്ന് അവർക്ക് നിർബന്ധമുണ്ട്. അങ്ങനെ ഉയർന്നുവരാൻ ആരെങ്കിലും ശ്രമിക്കുകയാണെങ്കിൽ മേൽപ്പറഞ്ഞ സംഘടനകളെ ഉപയോഗപ്പെടുത്തി അവയെ തകർക്കും. IMF, ഗാട്ട്, ലോകബാങ്ക് എന്നിവയെല്ലാം നിയന്ത്രിക്കുന്നത് ഈ ശക്തികളാണ്. ഇവ ഉപയോഗിച്ച് ഉയർന്ന വരുന്ന പുതിയ ശക്തികളെ പലവിധത്തിലും നിയന്ത്രിക്കുന്നു. ലോകത്ത് ഉയർത്തെഴുന്നേൽക്കാൻ ശ്രമിക്കുന്ന മുഴുവൻ അവികസിത, വികസ്വര രാജ്യങ്ങളെയും വമ്പിച്ച കടം അടിച്ചേൽപ്പിച്ച്, അവയെ തങ്ങളുടെ ചൊൽപ്പടിക്ക് നിർത്തുക എന്നതാണ് ഇവർ ഉപയോഗിക്കുന്ന ഒരു തന്ത്രം. അങ്ങനെ ഒരു പുത്തൻ കൊളോണിയലിസം ഇവിടെ ഉദയം ചെയ്യുന്നു. ഇതിന്റെ പേരാകുന്നു 'New World Order'

ഇന്ന് എല്ലാവരും എല്ലാം നോക്കിക്കാണുന്നത് ലാഭത്തിന്റെ അടിസ്ഥാനത്തിലാണ്. എന്ത് കാര്യമായാലും അതിൽ നിന്നും ഏറ്റവും കൂടുതൽ ലാഭം കിട്ടണമെന്നാഗ്രഹിക്കുന്നു. ഇതാണ് പുതുലോകക്രമത്തിന്റെ പ്രധാന സവിശേഷത. സമ്പന്നൻ ദരിദ്രനെ ചൂഷണം ചെയ്ത്, ലാഭമുണ്ടാക്കുന്നു. തൊഴിലാളിയെ ചൂഷണം ചെയ്ത് മുതലാളി ലാഭമുണ്ടാക്കുന്നു. അതുപോലെ തന്നെ സമ്പന്ന രാഷ്ട്രങ്ങൾ ദരിദ്രരാജ്യങ്ങളെ ചൂഷണം ചെയ്ത് ലാഭമുണ്ടാക്കുന്നു. ഇവിടെ ജനങ്ങൾ പട്ടിണി കിടന്ന് മരിക്കുന്നതുപോലും ഇത്തരം മുതലാളികൾക്ക് പ്രശ്നമല്ല. അവർക്കു പ്രശ്നം അവർക്കു വേണ്ട ലാഭമുണ്ടാക്കുകയും, അങ്ങിനെ അവർ സമ്പന്നതയിൽ നിന്നും സമ്പന്നതയിലേക്ക് നീങ്ങുക എന്നതുമാണ്.

നമ്മുടെ രാജ്യവും ഈ കെണിയിൽ വീണിരിക്കുന്നു എന്ന വസ്തുതയാണ് ഏറെ ദുഃഖിപ്പിക്കുന്നത്. ഇന്ത്യ സ്വതന്ത്രയായപ്പോൾ ഇവിടെ നടപ്പാക്കാൻ ശ്രമിച്ചത് സമ്മിശ്ര സമ്പദ് വ്യവസ്ഥയായിരുന്നു. നമ്മുടെ പഞ്ചവത്സര പദ്ധതികളിൽ ഊന്നൽ നൽകിയിരുന്നത് സ്വാശ്രയത്വത്തിൽ ഊന്നിക്കൊണ്ടുള്ള വികസനത്തിനാണ്. എന്നാൽ ഇന്ന് ഇവയെല്ലാം തിരുത്തിയെഴുതിയിരിക്കുന്നു. പുതിയ സാമ്പത്തികനയങ്ങൾ നമ്മെ നയിക്കുന്നത് കുത്തകമുതലാളിത്ത വ്യവസ്ഥകളുമായുള്ള മൽസരത്തിലേക്കാണ്.

90 കോടിയിലേറെ ജനങ്ങൾ അധിവസിക്കുന്ന ഒരു വലിയ രാജ്യമാണ് ഇന്ത്യ. ലോകത്തെ ഏറ്റവും വലിയ വിപണികളിലൊന്ന്. അമേരിക്ക പോലുള്ള വികസിത രാജ്യങ്ങളിൽ ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ ചെലവാക്കാൻ അവർക്ക് വിപണി ആവശ്യമാണ്. അതിന് തടസ്സങ്ങളുണ്ടാവുമ്പോൾ പുതിയ മാർഗ്ഗങ്ങൾ തേടുന്നു. അങ്ങനെ

അവർ സ്വന്തം താൽപ്പര്യങ്ങൾ സംരക്ഷിക്കാനുണ്ടാക്കിയ ഗാട്ട്, IMF, ലോകബാങ്ക് തുടങ്ങിയവയെ ഉപയോഗപ്പെടുത്തുന്നു. അങ്ങിനെയാണ് ഡങ്കൽ നിർദ്ദേശങ്ങൾ ഗാട്ടിൽ ചർച്ചക്ക് വരുന്നതും, അവ അംഗീകരിക്കപ്പെടുന്നതും. പുതിയ കൊളോണിയലിസത്തിലെ ഏറ്റവും പുതിയ ചൂഷണോപാധിയാണ് ഗാട്ട് ഉടമ്പടി.

ഈ ഉടമ്പടിയിലെ മിക്കവാറും നിർദ്ദേശങ്ങൾ വികസ്വര, അവികസിത രാഷ്ട്രങ്ങളുടെ വിപണി പിടിച്ചടക്കാനുള്ള തന്ത്രം മാത്രമാണ്. ഗാട്ടിലെ ഓരോ വ്യവസ്ഥയും പരിശോധിച്ചാൽ നമുക്കിത് മനസ്സിലാക്കാൻ കഴിയും. ട്രിംസ് (Trade Related Investment Measure) എന്ന വ്യവസ്ഥ, സ്വദേശ വ്യവസായങ്ങളെപോലെ തന്നെ മുതൽമുടക്കാനും, അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കാനും, സാധനങ്ങൾ വിറ്റഴിക്കാനുമുള്ള തുല്യ സ്വാതന്ത്ര്യം വിദേശ നിക്ഷേപകർക്കും, വ്യവസായികൾക്കും നൽകണം എന്ന് അനുശാസിക്കുന്നു. മൂന്നാം ലോക രാജ്യങ്ങളിലെ പഴഞ്ചൻ സാങ്കേതിക വിദ്യയോടും, ഗുണ നിലവാരം കുറഞ്ഞ ഉൽപ്പന്നങ്ങളോടും മൽസരിക്കാൻ ഇവിടെ വരുന്നത് ഉയർന്ന സാങ്കേതിക വിദ്യയും, ഗുണനിലവാരം കൂടിയ ഉൽപ്പന്നങ്ങളുമാണ്. ഇവിടെ പരാജയപ്പെടുന്നത് നമ്മുടെ നാടൻ സാങ്കേതിക വിദ്യയും, ഉൽപ്പന്നങ്ങളുമായിരിക്കും.


ഗാട്ട് കരാറിലെ മറ്റൊരു വ്യവസ്ഥയാണ് ട്രിപ്സ്. (Trade Related Intellectual Property Rights) ഇന്ത്യയടക്കമുള്ള അവികസിതരാജ്യങ്ങളിലാണ് ലോകത്തെ സസ്യജൈവ സമ്പത്തുകളിൽ ഏറിയപങ്കും സ്ഥിതിചെയ്യുന്നത്. ട്രിപ്സ് നടപ്പാക്കുകയാണെങ്കിൽ ഇവയെല്ലാം വികസിത, മുതലാളിത്ത രാജ്യങ്ങളുടെ അധീനതയിലാവും. ഇവയിൽ നിന്നും ഉണ്ടാക്കുന്ന രാസവസ്തുക്കൾക്കും, മരുന്നുകൾക്കും പേറ്റന്റ് നിയമം ബാധകമാക്കും എന്നതുകൊണ്ടാണിത്. വികസിത രാജ്യങ്ങൾ അവരുടെ ഉയർന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇവ അവരുടെ കുത്തകയാക്കും. അതോടെ നമ്മുടെ നെല്ലിക്ക, ആര്യവേപ്പ്, വെളുത്തുള്ളി തുടങ്ങി ഔഷധഗുണമുള്ള സമ്പത്തുകളെല്ലാം ബഹുരാഷ്ട്രകുത്തകകളുടെ അധീനതയിലാവും. പേറ്റന്റിന്റെ കാലാവധി 20 വർഷമാണ്. ഇതിനർത്ഥം ഇന്ത്യയടക്കമുള്ള അവികസിത രാജ്യങ്ങൾ എപ്പോഴും വികസനത്തിൽ 20 വർഷം പിന്നിലായിരിക്കും എന്നാണ്.

**ഇവിടെ നടക്കുന്ന ഉദാരവൽക്കരണങ്ങൾ സമ്പന്നർക്കു മാത്രം ഉപകാരപ്പെട്ടതും, ദരിദ്രരെ കഷ്ടപ്പെടുത്തുന്നതുമാണ്. ഇതിൻ ഫലമായി ദരിദ്രർ വീണ്ടും ദരിദ്രരാവുകയും, സമ്പന്നർ വീണ്ടും സമ്പന്നരാവുകയും ചെയ്യുന്നു.**

ഡങ്കൽ നിർദ്ദേശങ്ങളിലെ ഓരോ വ്യവസ്ഥയും, നമ്മെ കൊള്ളയടിക്കാനുള്ള നവകൊളോണിയലിസത്തിന്റെ നയങ്ങളാണ്. നമ്മുടെ കാർഷിക, ബാങ്കിംഗ് മേഖലകൾ പോലും ബഹുരാഷ്ട്ര കുത്തകകൾ കൈയടക്കും. നിലനില്പ്പിനായി പരസ്പരം മൽസരിക്കാൻ നാം നിർബന്ധിതരായിത്തീരുകയും ചെയ്യും. അവിടെ സഹാനുഭൂതിയുടെയോ, സ്നേഹത്തിന്റെയോ ഒരു തരിമ്പും അവശേഷിക്കില്ല. എല്ലാം സ്വന്തം നിലനിൽപ്പിനായി, ലാഭത്തിനായി ചെയ്യുന്ന അവസ്ഥ വരും.

ഈ പുതിയ സാമ്പത്തിക നയങ്ങൾ നടപ്പിലാക്കുമ്പോൾ ഇവിടത്തെ അവസ്ഥയും നാം മനസ്സിലാക്കേണ്ടതുണ്ട്. ഇന്ത്യയിലെ 40% ജനങ്ങൾ ദാരിദ്രത്തോട് മല്ലിട്ട് ജീവിക്കുന്നവരാണ്. ഭൂരിപക്ഷവും നിരക്ഷരർ; ആകെ സമ്പത്തിന്റെ 20% കൈയടക്കി വെച്ചിരിക്കുന്നത് മേലെക്കിടയിലുള്ള രണ്ടോ, മൂന്നോ ശതമാനം ജനങ്ങൾ. അതേ സമയം ഏറ്റവും താഴെക്കിടയിലുള്ള 40% ജനങ്ങൾക്ക് ആകെ സമ്പത്തന്റെ 10% പോലുമില്ല. ഇങ്ങനെ ജീവിതത്തിന്റെ രണ്ടറ്റങ്ങൾ കൂട്ടിമുട്ടിക്കാൻ പാടുപെടുന്ന ഒരു ജനത തിങ്ങിപ്പാർക്കുന്ന ഇന്ത്യയിലാണ് മുതലാളിത്തത്തിലധിഷ്ഠിതമായ പുതിയ സാമ്പത്തിക നയങ്ങൾ നടപ്പിലാക്കിയിരിക്കുന്നത്. ഇവിടെ നടക്കുന്ന ഉദാരവൽക്കരണങ്ങൾ സമ്പന്നർക്കു മാത്രം ഉപകാരപ്പെട്ടതും, ദരിദ്രരെ കഷ്ടപ്പെടുത്തുന്നതുമാണ്. ഇതിൻ ഫലമായി ദരിദ്രർ വീണ്ടും ദരിദ്രരാവുകയും, സമ്പന്നർ വീണ്ടും സമ്പന്നരാവുകയും ചെയ്യുന്നു.

ഇന്ത്യ കടക്കെണിയിലാണ് ഇപ്പോഴുള്ളത്. വിദേശവായ്പ കണക്കില്ലാതെ വാങ്ങുകയും, കാര്യക്ഷമമല്ലാതെ ചെലവഴിക്കുകയും ചെയ്യുന്നു. ഈ വർഷത്തെ ബജറ്റ് ചെലവിന്റെ 25 ശതമാനത്തിലേറെ പലിശയാണ്. മൂല്യശോഷണം സംഭവിക്കുന്നതിനനുസരിച്ച് വായ്പ വാങ്ങിയ സംഖ്യയും, പലിശയും കൂടിക്കൊണ്ടിരിക്കുന്നു. മൂല്യശോഷണം, പണപ്പെരുപ്പം, വിലക്കയറ്റം എന്നിവ നമുക്ക് പരിചിതമായ വാക്കുകളായി മാറിയിരിക്കുന്നു. ഇവയെല്ലാം സർക്കാറിന് നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥയിൽ എത്തിയിരിക്കുന്നു. ഇതൊക്കെത്തന്നെയാണ് പുതുലോകക്രമവും, ഗാട്ടും എല്ലാം ലക്ഷ്യമിടുന്നതും. ഇനിയും എന്തൊക്കെ സംഭവിക്കും എന്ന് നമുക്ക് കാത്തിരുന്ന് കാണാം.



# സാറ്റലൈറ്റ്–കേബിൾ ടിവിയും ഇന്ത്യൻ സാംസ്കാരിക മൂല്യങ്ങളിൽ അതിന്റെ സ്വാധീനവും

ഡോ. വിശ്വാസ് മെഹന്തളെ

ദില്ലിദൂരദർശൻ ന്യൂസ് എഡിറ്ററായിരുന്ന ലേഖകൻ, മൊറാർജി ദേശായിയുടെ ശ്രീലങ്കാ സന്ദർശനവും, രാജീവ് ഗാന്ധിയുടെ മോസ്ക്കോ സന്ദർശനവും ദൂരദർശന് വേണ്ടി കവർ ചെയ്തു. ഇന്ത്യൻ ഇൻഫർമേഷൻ സർവ്വീസിൽ നിന്ന് അമ്പതാമത്തെ വയസ്സിൽ രാജിവെച്ചു.

സാറ്റലൈറ്റ്–കേബിൾ ടെലിവിഷൻ ഏറ്റവുമൊടുവിൽ ഏതൊരു വേദിയിലും ചർച്ചചെയ്യപ്പെടുന്ന വിഷയമായിരിക്കുന്നു. ഇന്ത്യയുടെ ന്യൂക്ലിയർ പദ്ധതിയും, മനുഷ്യാവകാശലംഘനങ്ങളും, ശരത്പവാർ–ഖൈർനാർ പ്രശ്നവുമൊന്നും തന്നെ വലിയ അനുരണനമൊന്നും സൃഷ്ടിച്ചില്ല. പക്ഷെ, സ്റ്റാർപ്ലസിലെ 'സാന്റാ ബർബറ', സീ ടിവിയിലെ 'അന്താക്ഷരി', അല്ലെങ്കിൽ ദൂരദർശന്റെ മോശപ്പെട്ട പ്രകടനം, അതുമല്ലെങ്കിൽ യുവാക്കളിൽ എം ടി വി ചെലുത്തുന്ന സ്വാധീനം എന്നിവയെക്കുറിച്ചാണ് ചൂടുപിടിച്ച ചർച്ചകൾ നടക്കുന്നത്.

റുപെർട്ട് മർഡോക്കിന്റെ സംഭാവനയെക്കുറിച്ച് നമ്മുടെ രാജ്യം ഇത്ര ചൂടോടെ മുമ്പൊന്നും ചർച്ച ചെയ്തിട്ടില്ല. ഇന്ത്യൻ മാധ്യമങ്ങൾ പോല 'ആകാശ അധിനിവേശ'ത്തെപ്പറ്റി ആശ യിൽ മുഴികിയിരിക്കുകയാണ്.

മീഡിയയുടെ ജോലി അറിവും, വിദ്യ ഭ്യാസും, ആനന്ദവും പകരലാണ്. വാർത്ത കളിലൂടെയും, മറ്റു ചർച്ചാ സംബന്ധമാ പരിപാടികളിലൂടെയും അറിവ് പകരൽ ന ന്നുകൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ ബി. സിയെയും, സി. എൻ. എന്നിനേയു പ്രത്യേകം അനുമോദിക്കേണ്ടിയിരിക്കുന്ന സ്റ്റാർപ്ലസ് പ്രേക്ഷകർക്ക് പോലും അ രുടെ വിജ്ഞാന ചക്രവാളം വികസി ക്കാൻ സാധിക്കുന്നതോടൊപ്പം ലോക ഭവങ്ങളെ എത്ര വിദൂരതയിൽ നിന്ന പോലും നമുക്ക് കാണാൻ സാധിക്കുന്ന ഉദാ– ഗൾഫ് യുദ്ധം.

ദൂരദർശൻ 'ദേശീയക്ലാസ്സ്മുറി'കളി

ടയും, 'ബാലചിത്രവാണി' പരിപാടികളിലൂടെയും ചെയ്യുന്നപോലെ നേരിട്ടുള്ള വിദ്യാഭ്യാസം കേബിൾ-സാറ്റലൈറ്റ് ടി വികളിലില്ലെങ്കിലും 'എർത്ത് ഫയൽ' പോലെ എടുത്തു പറയത്തക്ക പല നല്ല പരിപാടികളും ഉണ്ടാകാറുണ്ട്. അവയാകട്ടെ, ഒരർത്ഥത്തിൽ വിദ്യാഭ്യാസം തന്നെയാണ്.

എങ്ങനെയായിരുന്നാലും, സാറ്റലൈറ്റ്-കേബിൾ ടി വി യുടെ പ്രശസ്തിക്കുള്ള പ്രധാന കാരണം അതിന്റെ ശുദ്ധമായ വിനോദമൂല്യമാണ്. ഇന്ത്യനും, വിദേശനിർമ്മിതവുമായ പല തരം ടെലി ഏരിയലുകൾ ഇന്ത്യൻ വീടുകളിൽ മുമ്പൊരിക്കലുമില്ലാത്ത വിധം ഈയിടെ ഉയർന്നുവരികയുണ്ടായി. വിശക്കുന്ന ടി വി പ്രേക്ഷകന്റെ ഇഷ്ട വിഭവം ചലച്ചിത്രങ്ങൾ, സംഗീതം, സ്പോർട്സ്, ക്വിസ് തുടങ്ങിയവയായിരുന്നെങ്കിൽ ഇന്നത് പരിഹരിക്കപ്പെട്ടിരിക്കുന്നു. ഉന്നതനിലവാരത്തിലുള്ള തുടർച്ചയായ പരിപാടികൾ കൊണ്ട് ഇവർ ദൂരദർശനെ കടത്തി വെട്ടാനൊരുങ്ങുമ്പോൾ, ഇപ്പോഴുള്ള അസ്ഥാളിപ്പിൽ നിന്ന് ദൂരദർശൻ എത്രയും പെട്ടെന്ന് തന്നെ ഉണരേണ്ടിയിരിക്കുന്നു.

ഇന്നത്തെ അവസ്ഥയിൽ ഇലക്ട്രോണിക് മീഡിയയിൽ ഏറ്റവും മികച്ച് നിൽക്കുന്നത് സാറ്റലൈറ്റ് ടി വി തന്നെയാണ്. എങ്കിലും, ഇതിനെതിരെ പല ഭാഗങ്ങളിൽ നിന്നും, പ്രത്യേകിച്ചും ചില രക്ഷിതാക്കളിൽ നിന്ന്, രൂക്ഷമായ വിമർശനങ്ങൾ ഉയർന്നുവരുന്നു. അവരുടെ പരാതിയാകട്ടെ എം. ടി വിയിലും മറ്റും ആകൃഷ്ടരായ കുട്ടികളുടെ മനസ്സുകൾ മലിനമാക്കപ്പെടും എന്നതാണ്.

അതുകൊണ്ട് സാറ്റലൈറ്റ്-കേബിൾ ടി വി കളാണ് നമ്മുടെ സാംസ്ക്കാരിക അപച്യുതിക്ക് അടിസ്ഥാന കാരണമെന്ന് നാം മനസ്സിലാക്കേണ്ടതുണ്ടോ ? മീഡിയയെ മാത്രം കുറ്റപ്പെടുത്തുന്നതിനോട് ഞാൻ വിയോജിക്കുന്നു. സത്യത്തിൽ വലിയൊരളവോളം സമൂഹത്തിന്റെ ജീവിത നിലവാരം തന്നെ മൂല്യത്തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. സാമൂഹ്യവ്യവസ്ഥകൾ താറുമാറായിരിക്കുന്നു. കുടുംബങ്ങൾ ചെറിയ യൂനിറ്റുകളായി കൊഴിഞ്ഞുപോയിക്കൊണ്ടിരുന്നു. മനുഷ്യൻ സ്വന്തത്തിലേക്കും, സ്വാർത്ഥത്തിലേക്കു ഉൾവലിഞ്ഞ് ഒരൊറ്റപ്പെട്ട തുരുത്താവാനാഗ്രഹിക്കുന്നു. സാമൂഹ്യബന്ധങ്ങൾ നന്നെച്ചുരുങ്ങിയിരിക്കുന്നു. ഇതിനെല്ലാം മീഡിയ വലിയൊരളവോളം ഉത്തരവാദി തന്നെയാണ്. സീരീയലുകളിലും, മറ്റു മനം മയക്കുന്ന പരിപാടികളിലും, സ്വപ്നങ്ങൾ വിൽക്കുന്ന പരസ്യങ്ങളിലും ആകൃഷ്ടരായ യുവജനത തങ്ങളുടെ മാതൃക ടി വി യിൽ നിന്ന് കണ്ടെത്താൻ ശ്രമിക്കുന്നു. യഥാർത്ഥത്തിൽ അനുകരണീയമായ മാതൃകകൾക്ക് നമുക്ക് ദൗർലഭ്യതയുണ്ടോ എന്നത് പരിശോധിക്കേണ്ടതാണ്. ഗാന്ധിജിയും, നെഹ്റുവും, തിലകനും മറ്റുമായിരുന്നു എന്റെ തലമുറക്ക് മാതൃകകളെങ്കിൽ ഇന്നത്തെ തലമുറയുടെ മാതൃകാപുരുഷനാരാണ് ? മൈക്കൽ ജാക്സൺ!

നിസ്വാർത്ഥതയും, ത്യാഗസന്നദ്ധതയും ഇന്നത്തെ സമൂഹത്തിൽ ഇല്ലാതായിരിക്കുന്നു. കൂടുതൽ അനുപേക്ഷണീയമായ സാമൂഹികബന്ധങ്ങൾക്കും, ആരോഗ്യകരമായ സമീപനങ്ങൾക്കും പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നു. 'ദുർഘാഖോട്ട്' പോലെയുള്ള പഴയ രംഗങ്ങൾ നമുക്ക് ഓർക്കാൻ കഴിയുന്നുണ്ടെങ്കിൽ ഇന്നത്തെ ടി.വി പരിപാടികളിലെ ഒരൊറ്റ സന്ദേശമോ, രംഗമോ നമ്മുടെ ഓർമ്മയിൽ തങ്ങി നിൽക്കുന്നില്ല.

സാറ്റലൈറ്റ്-കേബിൾ ടിവികളിലെ പരിപാടികൾ നമ്മുടെ സാംസ്ക്കാരികാധഃപതനത്തിന് കാരണമാകുന്നു എന്നതിനുള്ള തെളിവാണിത്. ഈ പരിപാടികൾ യഥാർത്ഥത്തിൽ വിപരീതഫലമാണുളവാക്കുന്നത്, ഉദാഹരണമായി വില്ലനാണ് നായകനേക്കാൾ ഇന്ന് മാർക്കറ്റ്.

ചുരുക്കത്തിൽ, പ്രേക്ഷകർക്കാവശ്യമുള്ളത് നൽകലാണ് ടി വി ചെയ്യുന്നതെന്ന് പറയാം. അതുകൊണ്ട് ദൂരദർശന് അതിന്റെ പ്രേക്ഷകരെ തൃപ്തിപ്പെടുത്താനാവുന്നില്ലെങ്കിൽ 'ദ വേൾഡ് ദിസ് വീക്ക്', 'സുരഭി' തുടങ്ങിയ നല്ല പരിപാടികളുണ്ടെങ്കിലും, പ്രേക്ഷകർ ഇല്ലാതായെന്ന് വരും. ചുറ്റു പാടുകളിലെ മാറ്റങ്ങൾക്കനുസരിച്ച് മാറിക്കൊണ്ടിരിക്കുന്ന പ്രേക്ഷകന്റെ അഭിരുചിയാണ് കാര്യങ്ങൾ തെരഞ്ഞെടുക്കുന്നത്. രാജ്യത്തിന്റെ സാംസ്ക്കാരികാധഃപതനത്തെ വകവെക്കാതെ സാറ്റലൈറ്റ്-കേബിൾ ടി വികൾ ഈ അഭിരുചികളെ തൃപ്തിപ്പെടുത്തുകയും ചെയ്യുന്നു.

# SCIENCE VERSUS RELIGION

REJINA. K. E.

Nothing is good or bad in itself. Anything can be good or bad only in relation to the purpose it serves. An action means something if, and only if, its consequences are taken into account.One and the same thing can be both beneficial and harmful, depending on the way it is handed. Some of the deadly ammunition which is exploited in war time comes to good use in times of peace. Dynamite, for example, renders its services in the construction of tunnels of railways, and for the discovery of mines. Both science and religion can be constructive as well as destructive. But somehow it is the misuses of religion, that are illuminated with spotlight. The drawbacks of science seems to have acquired some kind of immunity against attack. Why is it so?

Is it not an interesting question ?

Science has become the craze of the day. There is no denying the fact that if it were not for science the world would not have travelled such a long distance on the path of progress. What is being generally overlooked is that the progress brought about by science is confined largely to the world of matter. Though material advance cannot in anyway be looked down upon, it can in no way be regarded as the only requirement in life. Man, with the aid of his powerful intellect, manipulates science to fulfil his physical needs. Science, undoubteadly, is a wholesome food for the intellect, but a poor nourisher of that something else which is no less important to man than the intellect-the soul. The famous writer A. G. Gardiner paints a beautiful picture of the soul with his words. "The mind is wonderful, but no less real are the intimations of the soul. Let us have a clear intellect; but it is an arid world that shuts out the intuitions of the heart".

Religion supplies a form to the yearning of the soul to acknowledge the existance of god-the source of being. An outlet for man to express his submission to the control of the Divine Being is provided by religion. The whole universe is pervaded by a specified pattern worked out by a set of unalterable laws. Everything in our cosmos is subject to control for the fulfilment of a certain purpose. No one thing interferes with the course of another or hampers it. The unity in diversity witnessed in nature makes it impossible not to recognise an All-wise controller of the entire world. How can man being a part of Nature, reject this supernatural Mastermind ?

"We call that fire of the black thunder-cloud `electricity' and lecture barnedly about it, and grind

the life of it out of glass and silk. but what is it ? What made it ? Whence comes it ? Science has done much for us; but it is a poor science that would hide from us the great deep sacred infinitude of Nescience whither we can never penetrate, on which all science swims as a mere superficial film. This would, after all our science and sciences, is still a miracle; wonderful, insecretable, magicial and more to whosoever will think of it "-Thomas carlyle says so in his 'On Heroes and Hero-worship'. Religion compliments science by making a way into the world of nescience. History shows that the religious scriptures have anticipated science by ages in unravelling several secrets of Nature.

It is naive to deny that religion and science need each other. Both can, of course, survive independent of each other. But neither is able to avoid confronting the other. Their confrontations have, more often than not, left a terribly unpleasant taste in the mouth. Would this earth not be a happier place to live on if science and relegion go hand in hand ? If only the advocates of science and religion adopted a tolerant attitude towards each other ! The need to reconcile religion and science is pressing to the extreme. It is as impossible as squaring the circle for man to dispense with the benefits of science or religion if he is in the least enthausiastic about his overall development. In the view of Alfred North White head, the English mathematician and philosopher of the twenteeth century, "Science is concerned with the general conditions which are observed to regulate physical phenomena; religion is wholly wrapped up in the contemplation of moral and aesthetic values." Would it be rewarding to make a choice between science and religion ?

"In the fifth and sixth centuries, the civilized world stood on the verge of chaos------It seemed then that the great civilization which it had taken 4000 years to construct was on the verge of disintegration, and that mankind was likely to return to that condition of barbarism where every tribe and sect was against the next and law and order were unknown---- Civilization like a gigantic tree whose foliage had over-reached the world---- stood tottering----rotted to the core"----this is an extract from 'Emotion as the Basis of civilization' by J. H. Denison. The religion of Islam came into being in the beginning of the seventh century. To get a clear picture of the transformation brought about in the world by Islam it would be sufficient to quote from Phillip. k. Hitti's 'History of the Arabs': "Between the middle of the eighth and beginning of the thirteenth centuries the Arabic speaking people were the main bearers of the torch and culture and civilization throughout the world. Moreover they were the medium through which ancient science and philosophy were recovered, supplemented and transmitted in such a way as to make possible the renaissance of western Europe."

Upto the age of decline, the Muslim capitals were all capitals of science, knowledge, art and industry. Decay followed when the Muslims ceased to follow the noble principles of Islam. As soon it was forgotten that man's faith remains incomplete until he has desired for his fellow-man what he desires for himself, prejudice did its evil work and the sword became sole judge. What the Muslims did not realise was that whoever takes with the sword shall be taken by the sword

Superstitions and fables crept into Islam due to the people's ignorance of the true religion of Islam and their inclination to the path of least resistance. The Islamic doctrine of determinism was misinterpreted in order to frustrate human and to suppress every striving for action. The mixing of the Islamic with the unIslamic in a concotion of faith and superstition has corrupted Islam, resulting in stagnation that now passes under the name of religion. What has been preserved is only the outer shell of the Islamic rituals. All that the Muslims are guilty of is not of Islam; it is something else which falsely carried that name. The light of truth has given way to the darkness of falsehood. But darkness in its turn surrenders when dawn breaks out. Such is the law of Nature. Without fail night is followed by day. There goes a saying too: "Truth will out."

The true religion of Islam cannot be accused, in any amount of fairness, of being hostile to science. On the otherhand, it encourages man not only to join hands with science but also to make the best use of it. The Qur-an furnishes man with the vital information that the physical world is subservient to man and leaves him with the resposibility of exploiting the potentials of our planet, calling his intellectual powers into play, to the advantage of mankind. That the welfare of the human race is inconceivable without science is an irrefutable face. To cross swords with science is futile. Is it not time yet for those who attempt, in vain, to injure science in the name of Islam, to make amends ? of course, the growth of science ought to be surveyed with great care. A vigilant watch has to be kept up to prevent science from taking the wrong turn, taking humanity along the road to disaster. Islam has no reason not to stand by science as long as science stands by man to assist him in assending the stairs of civilization.

**Though religion and science deserve equal treatment, there is a growing tendancy to ill-treat religion. To blame religion for its downfall unreasonable. It is the psuedo-representatives of religion who are to be hold responsible. Islam is a religion which is being largely undermined. This religion was at the peak of its glory at one time.**

The Qur-an says, "Those who believe, and those who are Jews, Christians, Sabeans, all those who believe in God and in the Day of judgement and do the good works, all of them have their merit with their Lord. They have no reason to fear nor will they grieve." On tolerance alone can world peace be founded. It would be as well easy to find the fountain of youth if the differences between the various groups could be erased ! Would it not be wiser to put up with these differences rather than attempt the impossible of wiping them out ? For the dream of a global society to be realized, it is inevitable that all the religions shake hands not only with each other but also with that previous product of human intelligence-science.

Let science and religion be united in friendship for the sake of man, for his well-being. Is this not something worth hoping for ? ■

# സുമോ - ഒരു ജാപ്പനീസ് വിനോദം


നാദിഷ്ബാബു കെ. സി.

ജപ്പാനിലെ പുരാതനവും, പരമ്പരാഗതവുമായ ഗുസ്തിവിനോദമാണ് സുമോ. ഒരു വേള സുമോക്ക് പകരം ബേസ്ബോളായിരിക്കാം ആധുനിക ജപ്പാന്റെ ലഹരി. പക്ഷെ ഗ്രാമങ്ങളിലും നാൽക്കവലകളിലും സുമോക്ക് തന്നെ ഇന്നും പ്രിയം. പടിഞ്ഞാറുമായി ഇനിയും വേണ്ടത്ര ഇഴുകിച്ചേരാത്ത ജപ്പാൻകാരെ സംബന്ധിച്ചേടത്തോളം, സുമോ അവരുടെ ദേശം പ്രതിനിധാനം ചെയ്യുന്ന സാഹസികതത്വത്തിന്റെയും, ധീരതയുടെയും പ്രതീകമാണ്. ജപ്പാനിലെ കർഷകർ ഒഴിവുസമയങ്ങളിൽ സുമോ മൽസരങ്ങളിൽ മുഴുകുന്നതിന്റെ കാരണം സാമ്പത്തികമാണ്. ലോകത്തിലെ ഏറ്റവും സമ്പന്നമായ ഈ രാജ്യത്തിൽ ഒരു പക്ഷെ ഏറ്റവും ദരിദ്രമായ കായിക വിനോദമാണ് സുമോ.

പരമ്പരാഗത ആചാരങ്ങളുടെയും, വിശ്വാസങ്ങളുടെയും നാടാണ് ജപ്പാൻ. ഉത്സവങ്ങളോടനുബന്ധിച്ച് കമ്പവലിയും, കുതിരമത്സരവും ദൈവങ്ങളെ പ്രീതിപ്പെടുത്താനായി കണിശത തെറ്റാതെ ജപ്പാൻകാർ കൊണ്ടാടുന്നു. ദൈവം എപ്പോഴും വിജയികളോടൊപ്പമാണെന്ന ജപ്പാൻകാരുടെ വിശ്വാസം ഈ മൽസരങ്ങൾക്ക് ആത്മീയതയുടെ വീറ് നൽകുന്നു.

1500 വർഷത്തോളം പഴക്കമുള്ള ഈ വിനോദം സമൃദ്ധിയുടെ ദൈവത്തെ പ്രീതിപ്പെടുത്തുന്നതിനായി പുണ്യനൃത്തങ്ങളോടും, നടനങ്ങളോടും കൂടി ദേവാലയ പരിസരങ്ങളിൽ ആഘോഷിക്കപ്പെടുന്നു. മറ്റെല്ലാ കായിക വിനോദങ്ങളെയും പോലെ ജപ്പാൻ സാമ്രാട്ടുകൾ സുമോയെ പ്രോത്സാഹിപ്പിച്ചു.

സുമോ റെസ്ലർ തന്റെ ഭീകരാകാരം കൊണ്ട് പ്രത്യേക ശ്രദ്ധേയനാണ്. ശരീരത്തിന്റെ ഒത്ത മദ്ധ്യത്തിൽ ഒരു 'ബാലൻസിംഗ് ഡിവൈസ്' പോലെ ഉന്തി നിൽക്കുന്ന കുംഭ വയറാണ് ഇവരെ പ്രത്യേക കൗതുക പാത്രങ്ങളാക്കുന്നത്.



അക്ഷരാർത്ഥത്തിൽ തടിമിടുക്കു കൊണ്ട് എതിരാളിയെ അടിച്ചുനിരപ്പാക്കുക എന്നതാണ് ഓരോ സുമോ ഗുസ്തിക്കാരനും ദൈവം നൽകിയ ജോലി. ഡോയോ എന്നറിയപ്പെടുന്ന വൃത്താകാരത്തിലുള്ള റെസ്ലിംഗ് പ്ലാറ്റ്ഫോമിൽ നിന്ന് എതിരാളികളെ ഇടിച്ചു പുറത്താക്കുന്നതിനനുസരിച്ചാണ് സുമോയിലെ പോയിന്റിംഗ്. ഡോയോ പ്ലാറ്റ്ഫോമാകട്ടെ അന്തരീക്ഷത്തിൽ ഊഞ്ഞാലു പോലെ ആടുന്നു. ഇതിന്റെ നാലു ഭാഗങ്ങളിലും കമാനങ്ങളോടുകൂടിയ ഷിന്റോ ദേവാലയത്തിന്റെ മാതൃകകൾ പ്രതിഷ്ഠിച്ചിരിക്കുകയാണ്.

പാശ്ചാത്യ ഗുസ്തിയെപ്പോലെ ലൈറ്റ് വെയ്റ്റ്, ഫെതർവെയ്റ്റ്, ഹെവിവെയ്റ്റ് തുടങ്ങിയ വ്യത്യാസങ്ങളൊന്നും ജാപ്പനീസ് ഗുസ്തിയിലില്ല. ഏതൊരു ക്ഷയരോഗിയും, അക്ഷരാർത്ഥത്തിൽ ഭാമയെ നേരിടേണ്ടി വരും. നിറപ്പകിട്ടാർന്ന ആഢയണിഞ്ഞ് കുഴിയാനയെപ്പോലെ പിന്നോട്ട് നടന്നു നീങ്ങുന്ന വെളുത്ത ബെൽറ്റ് ധാരികളായിരിക്കും സീനിയർ ഗുസ്തിക്കാർ. 'ശിക്കിരി' എന്ന ചെറുചടങ്ങോടെയാണ് ഗുസ്തി ആരംഭിക്കുന്നത്. പോരാളികൾ വായയും, മുഖവും തൂവാല കൊണ്ട് തുടച്ച് ആത്മശുദ്ധി നേടുന്നു. കാൽ നിലത്തടിച്ച് എതിരാളിയെ മാനസികമായി തളർത്തി ഗുസ്തിക്കാർ അന്യോന്യം പാഞ്ഞടുക്കുന്നു. ഓരോ റൗണ്ടും രണ്ട് മിനിട്ടോളം മാത്രം അതിനാൽ സ്റ്റാർട്ട് വളരെ പ്രധാനം.

സുമോ ഗുസ്തിക്കാർ കൗപീനത്തോട് സാദൃശ്യമുള്ള ഷിന്റോ ദേവാലയങ്ങളുടെ മിത്തുകളുമായി ബന്ധപ്പെട്ട അടിവസ്ത്രങ്ങളാണ് ധരിക്കുന്നത്. സുമോ ടൂർണ്ണമെന്റുകൾ സാധാരണ 25 ദിവസത്തോളം നീണ്ടു നിൽക്കുന്നു. അവസാനം വിജയികളെ വില്ലു നൽകി ആദരിക്കുന്നു. ഭംഗിയായി വസ്ത്രധാരണം ചെയ്ത റഫറിമാർ ഈ വിനോദത്തിന്റെ പ്രത്യേകതയാണ്. അരയിൽ തിരുകിയ ഒരു കഠാരയും, വിശറിയും ഇദ്ദേഹത്തിന്റെ അധികാരചിഹ്നങ്ങളാണ്. സീനിയർ സുമോ ഗുസ്തിക്കാരുടെ പേരുകൾ പൊതുവെ ഏറെ കാവ്യാത്മകമായിരിക്കും. പൂവ്, മാല, കാറ്റ്, കുഴൽ, രത്നം തുടങ്ങിയവയാണ് പേരുകൾ. രണ്ടു ഗുസ്തിക്കാർക്ക് ഒരേ പേരുണ്ടാവാൻ പാടില്ല. 'ഹെയ' അഥവാ ആലയം എന്നറിയപ്പെടുന്ന ക്ലബ്ബുകൾ സ്പോൺസർ ചെയ്യുന്നവരായിരിക്കണം ഗുസ്തിക്കാർ. സുമോ നിമിഷങ്ങളുടെ വിനോദമാണ്. ജപ്പാൻകാർ ഇതിനെ നിർന്നിമേഷരായി നോക്കി നിൽക്കുന്നു.

# തൂലികയും സംസ്കാരവും

പി.കെ. നിയാസ്


സ്പെൻസർക്ക് നന്ദി. വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത് സ്വഭാവരൂപീകരണമാണെന്ന് അദ്ദേഹം പറഞ്ഞുവെച്ചല്ലോ. തൂലികക്ക് വാളിനേക്കാൾ കരുത്തുണ്ടെന്ന് (pen is mightier than sword) പറഞ്ഞ മഹാനും ഭാവുകങ്ങൾ. രണ്ടിനും മൗലികതയുണ്ട്. അവ ഇടത്തോട്ടോ, വലത്തോട്ടോ തിരിച്ചും ലക്ഷ്യസാക്ഷാത്കാരത്തിലെത്താം. അതാണ് വിജയമെന്ന് ആധുനിക ലോകം നമ്മോട് പറയുന്നു. കയ്യൂക്കുള്ളവൻ കാര്യക്കാരനെന്ന ബാർബേറിയൻ നിയമം പാലസ്തീനിലും, ബോസ്നിയയിലും പയറ്റിയപ്പോൾ പരിഷ്കൃതലോകം കണ്ണടച്ചിരുന്നത് അതുകൊണ്ടാണ്. ഈ പ്രതികരണശേഷിയില്ലായ്മയാണോ വിദ്യാഭ്യാസവും, തൂലികയുടെ മൂർച്ചയും കൊണ്ട് അർത്ഥമാക്കിയിട്ടുള്ളത് എന്ന് ചോദിക്കുന്നിടത്തോളം അധഃപതിച്ചിരിക്കുകയാണോ സമൂഹം ?

ഭ്രാന്തും ഒരു വികാരമാണ്. ആ വികാരത്തിനു മുന്നിൽ വിദ്യാഭ്യാസവും, തൂലികയുമൊന്നും പ്രശ്നമല്ല. അവയുടെ തികച്ചും നിർമ്മാണാത്മകവും, ധാർമ്മികവുമായ ലക്ഷ്യം സംഹാരത്തിന്റെയും, ധർമ്മച്യുതിയുടേതുമാക്കി തിരിച്ചുവിട്ടിരിക്കുകയാണ്. ഉർദുവെ രണ്ടാം ഭാഷയായി പ്രഖ്യാപിച്ചതിൽ അരിശം മൂത്ത് യു. പി. സംസ്ഥാനത്ത് 23 പേരെ ചുട്ടു കൊന്നതും, ആ ഭാഷയെ പാക്കിസ്ഥാനിലേക്ക് കെട്ടുകെട്ടിക്കണമെന്ന് ഒരു രാഷ്ട്രീയപ്പാർട്ടി പ്രമേയം പാസാക്കിയതുമെല്ലാം അതുകൊണ്ടാണ്. സംവരണ വിരുദ്ധ പ്രക്ഷോഭം രാജ്യമൊട്ടാകെ കൊടുമ്പിരി കൊള്ളുമ്പോൾ, അതിനെ അനുകൂലിക്കുന്ന വാർത്തകൾക്ക് വേണ്ടിയാണ് ഒരു ദേശീയ ഇംഗ്ലീഷ് പത്രം അതിന്റെ അമ്പതു ശതമാനത്തിലേറെ കോളങ്ങൾ ചെലവഴിച്ചത്. അതെ, തൂലിക പോരെ നാട് കുട്ടിച്ചോറാക്കാൻ !

പാശ്ചാത്യന്റെ കുത്തഴിഞ്ഞ ലൈംഗികജീവിതത്തെക്കുറിച്ചായിരുന്നല്ലോ മുമ്പൊക്കെ നമ്മുടെ പ്രസംഗകർ കാടിളക്കി പറഞ്ഞുകൊണ്ടിരുന്നത്. എയ്ഡ്സ് എന്ന മഹാവിപത്ത് അമേരിക്കക്കാരെയും, ബ്രിട്ടീഷുകാരെയുമൊക്കെ കാർന്നുതിന്നുകൊണ്ടിരിക്കുകയാണെന്ന് കണക്കുനിരത്തിയുള്ള പ്രസംഗങ്ങൾ നിരവധി തവണ കർണ്ണപുടങ്ങളിൽ വന്നടിച്ചിട്ടുണ്ട്. ഇന്ന് ഇന്ത്യാ രാജ്യത്തെയും, കോഴിക്കോട് നഗരത്തെയും ഉദ്ധരിച്ചുകൊണ്ട് തന്നെ അത്തരം പ്രസംഗങ്ങൾ നടത്തേണ്ട ഗതികേടിലെത്തിയിരിക്കുകയാണ് നാം. എയ്ഡ്സിന്റെയും, സദാചാരവിരുദ്ധ നടപടികളുടെയും ദൂഷ്യങ്ങളെക്കുറിച്ച് കൺമുന്നിലുള്ള ഉദാഹരണങ്ങൾ സഹിതം പറയാൻ നാം നിർബന്ധിതരായിരിക്കുകയാണ്. ഇന്ത്യയിൽ ഓരോ 18 സെക്കന്റിലും ഒരു എയ്ഡ്സ് രോഗി ഉണ്ടാകുന്നുവെന്ന ഒരു വിദഗ്ദന്റെ കണക്ക് അതിശയോക്തിപരമാണെങ്കിലും, ഞെട്ടിക്കുന്നതാണ്.

ഒരു പക്ഷേ അമേരിക്കയിലെയും
ബ്രിട്ടനിലെയും പ്രസംഗകർ എയ്ഡ്സ്
നെക്കുറിച്ച് പറയുമ്പോൾ ഇന്ത്യയെ ഉദ
ഹരിക്കുന്നില്ലെന്ന് ആരറിഞ്ഞു ? ഏഷ്യൻ
രാഷ്ട്രമായ തായ്‌ലന്റിലെ സെക്സ് വ്യ
വസായക്കുറിച്ച് അമേരിക്കയിൽ നിന്ന്
റങ്ങുന്ന 'ടൈം' വാരിക സചിത്ര റി
പ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. അതിന്റെ
മുഖചിത്രം പോലും അങ്ങേയറ്റം വൃത്തി
കെട്ടതായിരുന്നു. തായ്‌ലന്റ് ആ ലക്ക
നിരോധിച്ച് പ്രതിഷേധമറിയിച്ചു. കു
വായനക്കാർ, ഇതു വേണ്ടിയിരുന്നില്ലെന്ന്
കത്തുമെഴുതി. പറഞ്ഞുവരുന്നത്, മൂന്നാം
ലോകരാജ്യങ്ങളിലെ ടൂറിസ്റ്റ് വേശ്യാല
ങ്ങളെക്കുറിച്ച് എഴുതുന്നതിലും, പറയു
ന്നതിലുമാണ് പടിഞ്ഞാറിന് ഇപ്പോൾ
ഔൽസുക്യം;അതിന്റെ ഗുണഭോക്താ
ക്കൾ അവർ തന്നെയാണെങ്കിലും !

പടിഞ്ഞാറിന്റെ ഇരട്ടത്താപ്പിനെക്കു
റിച്ച് നമുക്ക് പറയാമെങ്കിലും, അവരു
ആചാരങ്ങളെയും, ജീവിതരീതികളെയു
കുത്തഴിഞ്ഞ നടപടിക്രമങ്ങളെയും അ
ടിയോ, അല്ലാതെയോ അനുകരിക്കു
തിൽ ഇന്ത്യ ഉൾപ്പെടെയുള്ള മൂന്നാ



ലോക രാജ്യങ്ങൾ മൽസരിക്കുയാണ്.

മഹാത്മാഗാന്ധിയുടെ മഹത്വങ്ങളും, മൂല്യങ്ങളും പുറപ്പുറത്ത് കയറി പ്രസംഗിക്കുന്നവരുടെ അവസ്ഥയെന്താണ് ? അഹിംസയുടെയും, രാമരാജ്യത്തിന്റെയും വക്താവായ ഗാന്ധിജി ഫണ്ടമെന്റലിസ്റ്റാണെന്ന് ആരെങ്കിലും പറഞ്ഞാൽ ഗാന്ധി ഭക്തൻമാർ നിങ്ങളെ ഹിംസിക്കും. മദ്യത്തിനെതിരെ സന്ധിയില്ലാ സമരം നടത്തിയ ഗാന്ധിയെ തോളിലേറ്റി നടക്കുകയും, അതിനുള്ള അവകാശം തങ്ങൾക്കു മാത്രമേയുള്ളൂവെന്ന് കൊട്ടിഘോഷിക്കുകയും ചെയ്യുന്ന ഇവൻമാർ തന്നെയാണ് നാടുനീളെ മദ്യമൊഴുക്കുകയും, യഥേഷ്ടം ബാർലൈസൻസുകൾ നൽകുകയും ചെയ്യുന്നത്. കേരളത്തിൽ ടൂറിസ്റ്റുകൾ വരണമെങ്കിൽ, പഞ്ചനക്ഷത്രഹോട്ടലുകളിൽ മദ്യം വിളമ്പണമെന്നും, അപ്പോൾ തൽക്കാലം ഗാന്ധിജിയെ വിസ്മരിച്ചേക്കണമെന്നുമത്രേ കേരളാ മുഖ്യമന്ത്രി അരുൾ ചെയ്തിരിക്കുന്നത്. ജീവിതത്തിൽ ഇന്നുവരെ മദ്യം തൊടാത്ത യഥാർത്ഥ ഗാന്ധിയനാണ് താനെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. പാശ്ചാത്യർക്ക് ബുദ്ധിയും, തന്റേടവുമുണ്ട്. അവർ തങ്ങളുടെ സംസ്ക്കാരത്തിലേക്ക് മറ്റുള്ളവരെ ആകർഷിക്കുകയാണ് പതിവ്. നമ്മളോ, അവർക്കുവേണ്ടി ധാർമ്മികത പണയപ്പെടുത്തുന്നു. അവരുടെ സംസ്കാരം ഇവിടെ പ്രചരിപ്പിക്കാൻ സർവ്വസഹായവും ചെയ്തുകൊടുക്കുന്നു.

മനുഷ്യദൈവങ്ങളുടെ നാടു കൂടിയാണിത്. രാഷ്ട്രീയക്കാരൻ സ്വാർത്ഥ താൽപ്പര്യങ്ങൾക്ക് വേണ്ടി പടച്ച ദൈവങ്ങൾ. അവരുടെ പിന്തുണയോടുകൂടിയേ നാടു വാഴാനാവൂ. നഗ്നതയും, നിർലജ്ജതയും, അഴിമതിയും, അരാജകത്വവും, വഞ്ചനയും, സ്വജനപക്ഷപാതവുമൊക്കെ ഇവറ്റകളുടെ കൂടെപ്പിറപ്പാണ്. വോട്ടുറപ്പിക്കാൻ നഗ്നസന്യാസിമാരുടെ കാൽ നക്കുന്ന വിവരദോഷികൾ ഇവിടെ മന്ത്രിമാരാണ്. വെട്ടിയിട്ട കവുങ്ങ് കണക്കെ കള്ള സന്യാസിമാരുടെ കാൽക്കീഴിൽ സായൂജ്യം നേടുന്ന കാബിനറ്റ് മന്ത്രിമാരെ നിങ്ങൾ കണ്ടിട്ടില്ലേ, മതത്തെയും, ദൈവത്തെയും തള്ളിപ്പറയുന്നവൻ പോലും, മനുഷ്യദൈവങ്ങളെപ്പിടിച്ച് ആണയിടുന്നു. രക്തസാക്ഷി മണ്ഡപങ്ങൾ തീർക്കുകയും, പുഷ്പാർച്ചനകൾ അർപ്പിക്കുകയും ചെയ്യുന്നു. ഇന്ദ്രപ്രസ്ഥത്തിൽ ഉന്നതസ്ഥാനം ഏറ്റെടുക്കാൻ പോകുന്ന വി.ഐ.പിക്ക് സത്യപ്രതിജ്ഞക്ക് മുമ്പോ,പിമ്പോ ചെയ്യേണ്ട ചില പൂജാവഴിപാടുകളെക്കുറിച്ച് ഒരു പ്രമുഖ കോളമിസ്റ്റ് എഴുതിയത് ഓർമ്മ വരുന്നു. ആദ്യം മഹാത്മാഗാന്ധിയുടെ സമാധിസ്ഥലമായ രാജ്ഘട്ടിലാണ് അദ്ദേഹത്തിന് പുഷ്പചക്രം അർപ്പിക്കേണ്ടത്. പ്രോട്ടോക്കോൾ അങ്ങനെയാണ്. പിന്നെ ജവഹർലാലിന്റെ ശാന്തിവനവും, ലാൽബഹദൂറിന്റെ വിജയാഘട്ടും, ഇന്ദിരാഗാന്ധിയുടെ ശക്തിസ്ഥലും, രാജീവിന്റെ വീർഭൂമിയും സന്ദർശിച്ച് പൂജയർപ്പിക്കണം. താൽപ്പര്യമുണ്ടെങ്കിൽ സഞ്ജയ്ഗാന്ധി, അംബേദ്കർ, അബ്ദുൽകലാം ആസാദ് എന്നിവരെയും കാണാം. അക്കൂട്ടത്തിൽ സ്ഥാനം പിടിക്കാൻ ഇനിയും ആളുകളുണ്ടല്ലോ എന്നാലോചിക്കുമ്പോൾ നമ്മുടെ ഭരണസാരഥികളുടെ പ്രയാസം എത്രയായിരിക്കുമെന്ന് ഊഹിക്കാമല്ലോ.

പ്രധാനമന്ത്രിമാർ മരിച്ചാൽ ചിതാഭസ്മം കുപ്പിയിലാക്കി അത് വോട്ടായി പരിവർത്തിപ്പിക്കുന്ന നാടാണ് ഇന്ത്യ. അതിന് ഹലേലുയ്യ പാടാൻ ഇവിടെ ആളുകളുമുണ്ട്.

നിങ്ങൾ എന്തിനാണ് ഇങ്ങോട്ടുവന്നതെന്ന പേർഷ്യൻ സേനാനായകൻ റുസ്തമിന്റെ ചോദ്യത്തിന് നിവർന്നുനിന്നുകൊണ്ട് റബീഇബ്നു ആമിർ പറഞ്ഞ മറുപടി പതിനാലു നൂറ്റാണ്ടുകൾക്കുശേഷം ഇന്നും മുഴങ്ങേണ്ടതുണ്ട്. "അടിമകളുടെ അടിമത്തത്തിൽ നിന്ന്, പരമാധികാരിയായ ദൈവത്തിന്റെ മാത്രം അടിമത്തത്തിലേക്കും, ഐഹികജീവിതത്തിന്റെ കുടുസ്സിൽ നിന്ന് ഇഹപരലോകങ്ങളുടെ വിശാലതയിലേക്കും നിങ്ങളെ നയിക്കാൻ തന്നെ." ❑

# ഉപഭോക്തൃ വിദ്യാഭ്യാസത്തിന്റെ ആവശ്യകത

എൻ. രാജീവ്

വിദ്യാഭ്യാസം എന്നത് ഏറ്റവും മഹത്തായ സേവനമാണ്. പ്രതിഫലമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഫീസ് ഈടാക്കുന്നതിനാൽ വിദ്യാർത്ഥികൾ ഉപഭോക്താക്കളാണ്. പണം കൊടുത്ത് സേവനമോ, സാധനമോ വാങ്ങുന്നവരെല്ലാം ഉപഭോക്താക്കളാണ്. വിദ്യാർത്ഥികളുടെ പരിധിയിൽ വരുന്ന പല മേഖലകളിലും അവർ ചൂഷണം ചെയ്യപ്പെടുന്നുണ്ട്.

പരസ്യങ്ങളിലൂടെയാണ് വിദ്യാർത്ഥികൾ വലിയ അളവിൽ ചൂഷിതരാവുന്നത്. കൂൺ കണക്കെ മുളച്ചുപൊന്തുന്ന സ്വകാര്യസ്ഥാപനങ്ങളുടെ കണ്ണഞ്ചിപ്പിക്കുന്ന പരസ്യങ്ങൾ വിദ്യാർത്ഥികളെ കബളിപ്പിക്കുന്നു. അത്യാധുനിക സംവിധാനത്തോടെയുള്ള ലബോറട്ടറി – ക്ലാസ്സ് സംവിധാനങ്ങൾ ഇത്തരക്കാർ വാഗ്ദാനം ചെയ്യാറുണ്ടെങ്കിലും, പലപ്പോഴും വിദ്യാർത്ഥികൾ വഞ്ചിതരാവുകയാണ് ചെയ്യുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഇത്തരം ചൂഷണങ്ങൾക്കെതിരെ വിദ്യാർത്ഥികൾക്ക് ഉപഭോക്തൃഫോറത്തെ സമീപിക്കാം.

ജില്ലാ ഫോറത്തിലാണ് പരാതി സമർപ്പിക്കേണ്ടത്. ലബോറട്ടറിയെ സംബന്ധിച്ച പരാതിയാണെങ്കിൽ സ്ഥാപനത്തിന്റെ തലവനാണ് എതിർകക്ഷി. ക്ലാസ്സുകൾ എടുത്തുതീർക്കാത്തതാണെങ്കിൽ ബന്ധപ്പെട്ട അദ്ധ്യാപകനും, സ്ഥാപനത്തിന്റെ തലവനുമാണ് എതിർകക്ഷികൾ.

വിദ്യാർത്ഥി – യൂനിവേഴ്സിറ്റി ബന്ധവും ഉപഭോക്തൃ പരിധിയിൽ വരുന്നതാണ്. എല്ലാ തരത്തിലുള്ള സേവനങ്ങൾക്കും യൂനിവേഴ്സിറ്റി ഫീസ് ഈടാക്കുന്നുണ്ട്. പ്രവേശന ഫീസ്, പരീക്ഷാഫീസ്, മാർക്ക്ലിസ്റ്റ് ഫീസ്, സർട്ടിഫിക്കറ്റ് ഫീസ്, മെട്രിക്കുലേഷൻ ഫീസ്, മൈഗ്രേഷൻ ഫീസ്_____ ഇങ്ങനെ പല വിധത്തിൽ യൂനിവേഴ്സിറ്റി പ്രതിഫലം വാങ്ങിയിട്ടും യഥാസമയമോ, ശരിയായ രീതിയിലോ സേവനം ലഭ്യമാകാതെ വരുമ്പോൾ ഫോറത്തെ സമീപിക്കാം. യൂനിവേഴ്സിറ്റിക്ക് എതിരെയുള്ള പരാതിക്ക് പരീക്ഷാകമ്മീഷണറും, വൈസ്ചാൻസലറും എതിർകക്ഷികളാണ്. ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരെ എതിർകക്ഷികളായി ചേർക്കേണ്ടതില്ല.

ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷ നൽകിയിട്ട് ഒമ്പതു വർഷമായിട്ടും കിട്ടാത്ത ഒരു പരാതിക്കാരന് മദ്രാസ് യൂനിവേഴ്സിറ്റി പതിനായിരം രൂപ നഷ്ടപരിഹാരം നൽകണമെന്ന് കഴിഞ്ഞ വർഷം തമിഴ്നാട് സംസ്ഥാന കമ്മീഷൻ വിധിക്കുകയുണ്ടായി. [1993(1)CPR-191] തുടർന്ന് രാജ്യത്തുടനീളം പല ഫോറങ്ങളും യൂനിവേഴ്സിറ്റികൾക്കെതിരെ ധാരാളം നഷ്ടപരിഹാരത്തിന് വിധിച്ചിട്ടുണ്ട്.

വിദ്യാഭ്യാസത്തിന് വേണ്ടി വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരം കുറഞ്ഞാലും, തപാലിലൂടെ അപേക്ഷകൾ അയക്കുമ്പോൾ സ്ഥാപനങ്ങളിൽ കൃത്യസമയത്ത് എത്തിയില്ലെങ്കിലും നീതിക്കുവേണ്ടി ഫോറത്തെ സമീപിക്കാം.

പരാതി സമർപ്പിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടത് പരാതിക്ക് ആസ്പദമായ സംഭവം മുഴുവനായോ, ഭാഗികമായോ ഏതു ഉപഭോക്തൃഫോറത്തിന്റെ പരിധിയിലാണ് നടന്നത് എന്നതാണ്. ആ ഫോറത്തിലാണ് പരാതി നൽകേണ്ടത്. ഒരാൾക്ക് ഒറ്റക്കോ, വഞ്ചിതരായവർക്ക് കൂട്ടമായോ പരാതി നൽകാം.

മറ്റു കോടതികളിൽ നിന്ന് വ്യത്യസ്ഥമായി നടപടികൾ വളരെ ലളിതവും, [...]ടതിചെലവും, കോർട്ടുഫീ സ്റ്റാമ്പും [...]വശ്യമില്ലാത്തതുകൊണ്ടും, (ഇപ്പോൾ [...]സുകളുടെ ആധിക്യം കൊണ്ട് പല [...]റങ്ങൾക്കും ഈ സമയ പരിധിയ[...] നീതി നൽകാൻ പറ്റുന്നില്ല.) വിദ്യാർ[...] കൾക്ക് കാത്തുകെട്ടിക്കിടപ്പില്ലാതെ നീ[...] ലഭ്യമാകുന്നു.

**പരാതി തയ്യാറാക്കുന്ന വിധം :–**

പരാതിക്ക് നിയതമായ തുകയില്ല. [...]ളക്കടലാസ്സിൽ നമുക്കിഷ്ടമുള്ള രീ[...]യിൽ ഹരജി തയ്യാറാക്കാം. വിട്ടു[...]വാതെ ചേർക്കേണ്ട ചില കാര്യങ്ങൾ

1) പരാതിക്കാരന്റെ ശരിയായ [...]ൽവിലാസം 2) എതിർകക്ഷിയുടെ [...]രിയായ തപാൽ മേൽവിലാസം 3) പ[...]തിക്ക് അടിസ്ഥാനമായ സംഭവം നട[...] സ്ഥലം 4) സംഭവം നടന്ന തീയ്യതി [...] പരാതിക്കാരൻ ഉപഭോക്താവാണ് എ[...] തെളിയിക്കുന്ന വിവരങ്ങൾ 6) സേവ[...]ത്തിന്റെയോ, സാധനത്തിന്റെയോ [...]രായ്മകൾ 7) പരാതിക്കാരനുണ്ടാ[...] നഷ്ടവും, ആവശ്യപ്പെടുന്ന നഷ്ട പ[...]ഹാരവും.

1986–ലെ നിയമപ്രകാരം ഉപഭോക്[...]വിനുള്ള അവകാശങ്ങളിൽ ആറാമതാ[...] പറയുന്ന ഉപഭോക്തൃവിദ്യാഭ്യാസത്[...]നുള്ള അവകാശം പൂർണ്ണാർത്ഥത്തി[...] വരണമെങ്കിൽ, ഉപഭോക്തൃ അവകാ[...]ങ്ങളെക്കുറിച്ച് പാഠ്യപദ്ധതിയിലൂടെ [...]ദ്യാർത്ഥികളെ ബോധവൽക്കരിക്കേ[...]തുണ്ട്. വിദ്യാർത്ഥികളുടെ ശ്രദ്ധ ആ[...]ർഷിക്കത്തക്ക നിലയിൽ, ഉപഭോക്തൃ[...]ഗത്ത് പ്രവർത്തിക്കുന്നവരുമായി കൂടി[...]ലോചിച്ച് പാഠഭാഗങ്ങൾ ഉൾപ്പെടുത്[...] യാണെങ്കിൽ, ഉപഭോക്തൃ ചൂഷണം [...]ലിയൊരളവോളം ഇല്ലാതാക്കാ[...] കഴിയും.